ലോകപ്രഭാത

മദ്ധ്യസ്ഥൻ



പുസ്തകം 8) ഫെബ്രുവരി 1931 (ലക്കം 10

Licence No. 183.

വിഷയവിവരണിക.

1. മാർ യൌസേപ്പിന്റെ ജീവചരിത്രം.
2. നമ്മുടെ ഈശ്വരസഹായങ്ങൾ.
3. കത്തോലിക്കപ്പള്ളികളുടെ പ്രദർശനം.
4. ഇതുചെയ്തവർ നമ്മൾതന്നെ.
5. കൂ മാർ തേ മാ മെത്രാനച്ചൻ തിരുമനസ്സിലെ ശവസംസ്കാരം.
6. ആകയാലെന്തുചെയ്യണം.
7. വാതിൽ തുറക്കുക.
8. വി. ചെറുപുഷ്പവും പൌരോഹിത്യവും.
9. ആധുനികദുരിതങ്ങൾക്കുള്ള ഏകപ്രതിവിധി.
10. കുറിപ്പുകൾ.
11. ജപമാലസ്തോത്രസംഖ്യം.
12. കത്തോലിക്കാഭ്യം.
13. ഉപകാരസ്മരണ.
14. പരസ്യം.

ഉപകാരസ്മരണ.

വീ. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു രൂ. 1.

കുഴിയാത്തു് ഔസേപ്പു് ഔസേപ്പു്, നെടുംകുന്നം.

പരസ്യം.

പള്ളിക്കാവശ്യമുള്ള നല്ല തേൻമെഴുകു് ശുദ്ധിചെയ്യാത്തതും ചെയ്തതുമായ കട്ടികളും ഏതുതരത്തിലുള്ള തിരികളും ഉത്തരവാദിത്വത്തോടുകൂടി മിതമായ വിലയ്ക്കു് വില്പാൻ തയാറുണ്ടു്. ക്രൂടാതെ പ്രത്യേക ആഡർ തന്നിരുന്നാൽ താണതരത്തിലുള്ള ചരക്കു വരുത്തി കൊടുക്കാവുന്നതാണു് എന്നു്

റവ. ജെ. തോമ്മസു് തട്ടാപറമ്പിൽ,
കിഴതടിയൂർ, പാലാ.

നവസന്ന്യാസിനികൾ.

കഴിഞ്ഞ സെപ്തംബർമാസത്തിൽ, കോട്ടയത്തുള്ള കർമ്മലിത്താ നിഷ്പാദുകസഭയിൽ ചേന്ന മിസ്സു് ത്രേസ്യാമ്മ ജെ. കള്ളിവയലിൽ (ഈശോയുടെ സ. തേരേസാ,) മിസ്സു്. ഏലിക്കുട്ടി ജെ. തുരുത്തുമാലിൽ (രക്ഷകന്റെ സി. മേരി ജോസഫ്) എന്നിവർ ഇക്കഴിഞ്ഞ മാർച്ചു് 19-നു- വിജയപുരം മെത്രാനച്ചൻ തിരുമനസ്സിൽനിന്നു സഭാവസ്ത്രം സ്വീകരിച്ചിരിക്കുന്നു.

മദ്ധ്യസ്ഥൻ

പുസ്തകം 8] ഏപ്രിൽ 1936. [ലക്കം 10.

മഹാത്മാവായ

മാർ യൗസേപ്പിന്റെ ജീവചരിത്രം.

അദ്ധ്യായം ൧.

വി. യൗസേപ്പ അവതാരരഹസ്യം ഗ്രഹിക്കുന്നു.

൧. മാലാഖാ പ്രത്യക്ഷപ്പെടുന്നു. വി. യൗസേപ്പു നിദ്രയിലായപ്പോൾ ഒരു മാലാഖാ പ്രത്യക്ഷപ്പെട്ടു് ഇപ്രകാരം പറഞ്ഞു:-"ദാവീദിന്റെ പുത്രനായ യൗസേപ്പേ! നീ മറിയത്തെ സ്വീകരിപ്പാൻ ശങ്കിക്കേണ്ടാ; എന്തുകൊണ്ടെന്നാൽ അവളിൽ ഉത്ഭവിച്ചിരിക്കുന്നപ്രജ പരിശുദ്ധാത്മാവിൽ നിന്നാകുന്നു. അവൾ ഒരു പുത്രനെ പ്രസവിക്കും. ആ പുത്രനു ഈശോ എന്നനാമം നീ നൽകണം; എന്തെന്നാൽ അവൻ പാപത്തിന്റെ അടിമത്തത്തിൽനിന്നും ലോകത്തെ രക്ഷിക്കും. നിന്റെ സ്വീകാര്യമല്ലാതിരുന്നവളെ ദൈവം തന്റെ മാതാവായി സ്വീകരിച്ചു. അവളുടെ യോഗ്യതയും പുണ്യവും അത്രമേൽ ദൈവത്തിനിഷ്ടപ്പെട്ടു."

൨. യൗസേപ്പിന്റെ ആനന്ദം. ദൈവദൂതന്റെ പ്രസ്താവം കേട്ടാറുടനെ യൗസേപ്പു് ആഹ്ലാദചിത്തനായി നിദ്രയിൽനിന്നു ഞെട്ടിയുണർന്നു് ആകാശത്തിലേയ്ക്കു കരങ്ങൾ ഉയർത്തിക്കൊണ്ടു പറഞ്ഞതായതു്:-"എന്റെ ദൈവമെ! ഞാൻ എത്രയോ ഭാഗ്യവാൻ! നിന്റെ ഏകപുത്രന്റെ മാതാവിനെ എന്റെ ഭാര്യയായി നിശ്ചയിച്ചതു് അങ്ങേയ്ക്കു് എന്നോടുള്ള അതിരറ്റ അനുഗ്രഹം നിമിത്തമാണല്ലോ. അങ്ങേയ്ക്കു നിത്യസ്തുതിയുണ്ടായിരിക്കട്ടെ. മറിയത്തെ ഞാൻ ഉപേക്ഷിക്കണമെന്നു നിശ്ചയിച്ചതു തെറ്റിപ്പോയി. അതു എന്നോടു് ക്ഷമിക്കുന്നതു പൊറുക്കണമെ." അനന്തരം നിലത്തു സാഷ്ടാംഗംവീണുകൊണ്ടു്, പ. മറിയത്തിന്റെ യോഗ്യതകളെക്കുറിച്ചു, തന്റെ

കത്തോലിക്കരുടെ കർത്തവ്യം

അഥവാ

നമ്മുടെ ഈഴവ സഹോദരങ്ങൾ

(അയച്ചുതരപ്പെട്ടതു്)

നമ്മുടെ ഈഴവസഹോദരങ്ങൾ ക്രിസ്തുമതത്തിൽ ചേരുന്നതിനു താല്പര്യം പ്രദർശിപ്പിച്ചുവരുന്ന ഒരു കാലമാണല്ലൊ ഇതു്. ഈ അവസരത്തിൽ കത്തോലിക്കർ ചെയ്യേണ്ടതെന്താണു്? ഈ ചോദ്യത്തിനു മുക്കുമായി ഉത്തരം പറയേണ്ടിയിരിക്കുന്നു.

ആദർശശുദ്ധിയുണ്ടോ?

ഈഴവരുടെ മതപരിവർത്തനം കേവലം സാമുദായികവും രാഷ്ട്രീയവുമായ ഒരു പരിപാടിയാണു്. സാക്ഷാൽ ആദ്ധ്യാത്മികമായ ഉദ്ദേശ്യത്തോടുകൂടിയല്ലാതെ മതപരിവർത്തനം പാടില്ല എന്നു കത്തോലിക്കർ പരിഗണിക്കുന്നു. ആസ്വിതിക്ക ഈഴവരുടെ ഈ ക്രിസ്തുമതാഭിമുഖ്യപ്രകടനത്തിനു് ആദർശശുദ്ധിയുണ്ടോ എന്നു പലരും ശോദിക്കുന്നു. ഇതു ഗൌരവപ്പെട്ട ഒരു പ്രശ്നം തന്നെ. പക്ഷേ ക്രിസ്തുമതത്തിന്റെ ആദ്ധ്യാത്മികവശം ഇതുവരെ അവർക്കു മനസ്സിലായിട്ടില്ലെങ്കിൽ അതാരുടെ കുറ്റമാണു്? തീർച്ചയായും അതു് ഈഴവരുടെ കുറ്റമല്ല. അപ്രകാരം ഒരു കാര്യം മനസ്സിലാക്കുന്നതിനു അവർക്കു നാം സൌകര്യം കൊടുക്കാതിരുന്നതു്, പക്ഷേ കത്തോലിക്കരായ നമ്മുടെ കുറ്റംതന്നെ ആയിരിക്കാം. ഏതായാലും അവരുടെ ഇന്നത്തെ നിലയിൽ അവർക്കു ലൌകികവും സാമുദായികവുമായ ഉൽക്കർഷത്തിനു സ്ഥാനമില്ലെന്നു കണ്ടപ്പോൾ ആ ഉദ്ദേശ്യസിദ്ധിക്കായിട്ടെങ്കിലും അവർ ക്രിസ്തുവിനെ അഭയം പ്രാപിക്കുന്നതു് ആദർശശുദ്ധിയില്ലായ്മയാണോ? അഥവാ ലൌകികവും സാമുദായികവുമായ അഭിവൃദ്ധി

തെറ്റു ക്ഷമിക്കണമെന്നു യെഹൂസപ്പു് അധികനേരം ദൈവത്തോടപേക്ഷിച്ചു. അപ്പോൾ "എന്റെ വിശ്വസ്തദാസനായ യെഹൂസപ്പേ, നീ എനിക്കു ഇഷ്ടപ്പെട്ടവനാകുന്നു" എന്നൊരുസ്വരം അവൻ കേട്ടു. അതു ദൈവസ്വരം തന്നെയായിരുന്നുവെന്നു് അവനു മനസ്സിലായതിനാൽ ദാവീദിന്റെ സങ്കീർത്തനത്തിൽനിന്നു "എന്റെ വ്യാകുലങ്ങളുടെ സംഖ്യയനുസരിച്ചു് നിന്റെ ആശ്വാസങ്ങൾ എന്നെ സന്തോഷിപ്പിച്ചു" എന്നർത്ഥമുച്ചരിച്ചുകൊണ്ടു് അവൻ സർവേശ്വരനു സ്തോത്രംചെയ്തു.

ദൈവത്തിനു നിരക്കാത്ത ഒരു കാര്യമാണോ? ഒരിക്കലുമല്ല. ഒരുവ്യക്തിയേയോ അവന്റെ സഹോദരങ്ങളേയോ, ദൈവം തന്റെ സഭയിലേക്കു നയിക്കുന്നതു്, സാമാന്യമായി ഒരു ബാഹ്യസാഹചര്യം മുഖാന്തിരമാണു്. ഇപ്പോഴത്തെ ഈഴവസമുദായ വിപത്തുകളൊക്കയും ഇങ്ങനെയുള്ള ദൈവികത്തമായ ഒരു ബാഹ്യസാഹചര്യമാണെന്നു സമാധാനിച്ചുകൊണ്ടു്, ഈ സുവർണ്ണാവസരത്തിലെങ്കിലും, കത്തോലിക്കർ തങ്ങളുടെ കടമ നിറവേറ്റേണ്ടതാണെന്നാണു് ഈ എഴുത്തുകാരൻ പ്രബലമായി വിശ്വസിക്കുന്നതു്.

നമ്മുടെ കടമ എന്തു്?

കത്തോലിക്കരുടെ കടമ എന്താണു്. കത്തോലിക്കർ കേവലം ക്രൈസ്തവസഭയിലെ ഒരു വിഭാഗമല്ല; സാക്ഷാൽ പരിപൂർണ്ണമായ അർത്ഥത്തിൽ യഥാർത്ഥ ക്രിസ്ത്യാനികളാണു്. നാമാണു് പുരാതനവും ചരിത്രപ്രസിദ്ധവും ശാസ്ത്രോക്തവുമായ ക്രിസ്ത്യാനികൾ. ക്രിസ്ത്യാനികളുടെ ധർമ്മം, ക്രിസ്തുവിനെ പ്രഖ്യാപനം ചെയ്യുകയാണു്. ക്രിസ്തുവിനെ നാം സ്ഥാനേയ്യും അസ്ഥാനേയ്യും പ്രഖ്യാപനം ചെയ്യേണ്ടിയിരിക്കുന്നു. ക്രിസ്തുവിനെ പ്രസംഗിച്ചില്ലെങ്കിൽ നമുക്കു ഹാ! കഷ്ടം! ക്രിസ്തുവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലാണു് നാം മാഹാത്മ്യം കണ്ടെത്തേണ്ടതു? ക്രിസ്തീയജ്ഞാനം ലഭിക്കാത്ത അനേകലക്ഷങ്ങളുടെ ഇടയിൽ നിവസിക്കുന്ന നാം ഈ തത്വത്തെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. അക്രൈസ്തവരുടെ മാനസാന്തരത്തിനായി നമ്മേക്കാൾ സംഖ്യാബലം കുറയുന്ന നമ്മുടെ അകത്തോലിക്കസഹോദരന്മാർ ചെയ്യുന്ന പരിശ്രമങ്ങൾ നമ്മെ ഇനിയെങ്കിലും പ്രബുദ്ധരാക്കേണ്ടതല്ലയോ?

ഒരു വിദ്യാഭ്യാസതത്വം.

അജ്ഞാതമായതിൽ നിന്നു് ജ്ഞാതമായതിലേക്കു വിദ്യാർത്ഥികളെ നയിക്കുന്നതാണല്ലോ ഒരു അദ്ധ്യാപകന്റെ ധർമ്മം. നമ്മുടെ ഈഴവസഹോദരങ്ങളുടെ കാര്യമാലോചിച്ചാൽ അവർക്കു ജ്ഞാതമായിട്ടുള്ളതു് ക്രിസ്തുവിന്റെ ആദ്ധ്യാത്മിക സന്ദേശത്തേക്കാൾ കൂടുതൽ അവിടത്തെ സാമുദായിക സന്ദേശമത്രെ. ഈ സാമുദായികസന്ദേശത്തെ അടിസ്ഥാനമാക്കിയത്രെ നാം ഇപ്പോൾ നമ്മുടെ ഈഴവസഹോദരങ്ങളുടെ ഇടയിൽ ക്രിസ്തുമതപ്രചരണം നടത്തേണ്ടതു്. ക്രിസ്തുമതത്തിന്റെ ആദ്ധ്യാത്മികവശം സമ്പൂർണ്ണമായി അറിഞ്ഞിട്ടുള്ള കത്തോലിക്കർതന്നെ ചുരുക്കമേ ഉള്ളു. അങ്ങനെയുള്ള അറിവു സാക്ഷാൽ ദൈവത്തിന്റെ സൌജന്യദാനമാകയാൽ, അതെപ്പറ്റി അഭിമാനം പ്രകടിപ്പിക്കാൻ പാടില്ലാത്തതുമാണു്. ന

മ്മുടെ ഈഴവസഹോദരങ്ങൾക്കു ഈ ജ്ഞാനം നമുക്കുള്ളിടത്തോളം ഇല്ലെന്നുപറഞ്ഞു് അവരുടെ ആധുനികപ്രസ്ഥാനത്തെ അപലപിക്കുന്നതു് കേവലം ബുദ്ധിമോശവും ദൈവത്തിനു നിരക്കാത്ത ആത്മപ്രശംസയുമാണു്.

അങ്ങോട്ടോ ഇങ്ങോട്ടോ?

നമ്മുടെ ഈഴവസഹോദരന്മാരിൽ പലരുടെയും അഭിപ്രായം ചക്രവർത്തി തിരുമനസ്സിലെ മതത്തിൽ ചേരണമെന്നാണു്. എന്നാൽ ഈ തിരുമേനിയുടെ കുടുംബം ഒരുകാലത്തു കത്തോലിക്കമതാവലംബിതമായിരുന്നു. ഇപ്പോഴും ആ തിരുമനസ്സുകൊണ്ടു് കത്തോലിക്കാ സഭാവിദ്വേഷിയല്ല. ബ്രിട്ടീഷ് സാമ്രാജ്യത്തിലെ ഏറ്റവും പ്രബലമായ മതം കത്തോലിക്കാ സ്വഭാവമാണു്. എന്നതൊന്നുമല്ല ആംഗ്ലിക്കൻ സഭാംഗങ്ങളും മൊത്തത്തിൽ മൻപു പെയ്തിരുന്നതുപോലെ ഇപ്പോൾ കത്തോലിക്കാസഭയെ ദ്വേഷിക്കുന്നുമില്ല. അവർ കത്തോലിക്കാസഭയോടു സാമീപ്യവും സൗഹൃദ്യവും ദിനംപ്രതി പ്രാപിച്ചുവരികയും സായുജ്യസിദ്ധിയെ അഭിലഷിക്കുകയും ചെയ്യുവരുന്നു. പോരെങ്കിൽ രാഷ്ട്രീയവും സാമുദായികവുമായ കാര്യങ്ങളിൽ കേരളത്തിലെ വിഭിന്ന ക്രിസ്തീയവകുപ്പുകാർ തമ്മിൽ കൂടുതൽ സൗഹൃദ്ഭാവത്തിൽ വർത്തിച്ചുവരികയും ചെയ്യുന്നു. ഈഴവനേതാക്കന്മാരുടെ ഇടയിൽ തന്നെ, ഓരോ ദിക്കിലേയും പ്രബല ക്രിസ്ത്യൻ സമുദായ വിഭാഗത്തോടു തങ്ങളും മേൽ നടക്കണമെന്നുള്ള അഭിപ്രായക്കാരുമുണ്ടു്. ഇതെല്ലാം ആലോചിച്ചാൽ, കത്തോലിക്കാ ഇടവകാതിർത്തികളിൽ നിവസിക്കുന്ന ഈഴവരെ എങ്കിലും കത്തോലിക്കാ സഭയിൽ ചേർക്കുന്നതിനു നമുക്കുള്ള സൗകര്യവും കൂടുതലും തെളിയുന്നതാണു്.

കാര്യക്ഷമത.

കാര്യക്ഷമതയെപ്പറ്റി പര്യാലോചിച്ചാലും ഇതില്ലാതെ സാദ്ധ്യമല്ല. ഈഴവസമുദായം ഒരു വിപുല ജനവിഭാഗമാണു്. മതപരിവർത്തനം അടുത്തുവരുമ്പോൾ പല വിപരീതശക്തികളും ദിഗ്ഭ്രമാകും. ഇതിനിടയിൽപ്പെട്ട ഈഴവസമുദായാംഗങ്ങളും നായകന്മാരും ഉഴന്നുപോകും. അപ്പോൾ പ്രാബല്യവും ധനസമ്പത്തിയും ഉള്ള ക്രൈസ്തവജനസമുദായങ്ങളുടെ ആത്മാർത്ഥവും നിഷ്കളങ്കവുമായ സാഹായ്യസഹകരണങ്ങൾ ആവശ്യപ്പെടും. ആംഗ്ലിക്കൻ സഭാംഗങ്ങളായ യൂറോപ്യൻ ജനതയിൽനിന്നു പക്ഷേ ഗണ്യമായ പല സഹായങ്ങളും സിദ്ധിച്ചെന്നുവരാം. എന്നാൽ വിദേശസഹായങ്ങളെ ചുരുക്കുന്നതിനും ഭാരതീയരെ 'സ്വന്തം കാലിന്മേൽ നിറുത്തുന്നതിനു'മാണു് ആംഗ്ലേയരുടെ പരിപാടി. അതുകയാൽ ഈഴവ

സമുദായത്തിനു നാട്ടു ക്രിസ്ത്യൻസമുദായങ്ങളുടെ സഹായവും സഹാനുഭൂതിയും അത്യാവശ്യപ്പെട്ടും. ഈ ഘട്ടത്തിലാണ് കത്തോലിക്കരുടെ സഹായസഹകരണങ്ങളുടെ സ്ഥാനം വെളിപ്പെടുന്നതു്. പുത്തനായി അങ്ങിങ്ങായി മതപരിവർത്തനംചെയ്യുന്ന ഈഴവർക്കു പള്ളിയുടെവാദമാകട്ടെ, ദേവാലയമാകട്ടെ, ശ്മശാനമാകട്ടെ, പുരോഹിതനാകട്ടെ വേണ്ട; അവർ കത്തോലിക്ക ഇടവകയിൽ ചേർന്നാൽ മതിയാകും. പക്ഷേ ഇതിലേക്കുവേണ്ട പ്രാരംഭപരിശ്രമങ്ങളും ഇപ്പോഴേ തുടങ്ങണം. നമ്മുടെ ഇടവകാതിർത്തികളിലെല്ലാം തീവ്രമായ വേദപ്രചാര പ്രവൃത്തി തുടങ്ങണം. ലഘുലേഖകളും വിതരണം ചെയ്യണം; ഈഴവരേ ഉദ്ദേശിച്ചുള്ള സൗജന്യസമ്മേളനങ്ങളും നടത്തണം; ബുദ്ധിപൂർവകമായ മതപ്രസംഗങ്ങളും നടത്തണം; അവരും നാമുംതമ്മിൽ കൂടുതൽ സാഹോദര്യവും മൈത്രിയും ഉൽഭൂതമാക്കുകയുംവേണം. ഇക്കാര്യത്തിൽ നിലയുംവിലയും ഉള്ള പ്രമാണികളും വൈദികരും സാഹിത്യകാരന്മാരും, യുവാക്കളും വൃദ്ധന്മാരും ഒരുമിച്ചുകൂടി ആലോചനയോടും വിവേകത്തോടും പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

വിവേകം ആവശ്യം.

പക്ഷേ വിവേകം ധൈര്യത്തിനാകാം മെച്ചമാണ്. രാഷ്ട്രീയ പ്രക്ഷോഭണങ്ങളാകട്ടെ പരമതനിന്ദയാകട്ടെ, കത്തോലിക്കാ മതപ്രസംഗകന്മാരെ ബാധിക്കാതെയിരിക്കുവാൻ പ്രത്യേകം സൂക്ഷിക്കണം. ക്രിസ്തുമതത്തിന്റെ സാമുദായികവും സാന്മാർഗ്ഗികവും ആദ്ധ്യാത്മികവുമായ വരങ്ങളെ സംബന്ധിച്ചുള്ള പ്രസംഗങ്ങളും ലഘുലേഖകളും നിഷ്കളങ്കമായ പ്രചരണവേലകളും നമ്മുടെ പ്രവൃത്തികളുടെ പ്രധാന ഭാഗങ്ങളായിരിക്കണം. ഈവിധപരിശ്രമങ്ങളും ഒരിക്കലും നിഷ്ഫലങ്ങളായി പോകുന്നതല്ല.

'കത്തോലിക്കാ പ്രസിദ്ധീകരണപ്രദർശനം'

(മ. പ.)

പരിശുദ്ധപിതാവിന്റെ ആഗ്രഹവും നിർദ്ദേശവുമനുസരിച്ചു വത്തിക്കാനിൽ നടത്തുവാൻ പോകുന്ന 'അഖിലലോകകത്തോലിക്കാപ്രസിദ്ധീകരണപ്രദർശനം' കത്തോലിക്കാലോകത്തിന്റെ സവിശേഷമായ ശ്രദ്ധയെ അർഹിക്കുന്ന ഒന്നാണ്. കത്തോലിക്കാപ്രസിദ്ധീകരണങ്ങൾമൂലം ലോകത്തിനു് എത്രമാത്രം ഗുണം സിദ്ധിക്കുന്നുണ്ടെന്നു എല്ലാവരെയും അറിയിക്കണമെന്നും, കത്തോലിക്കാപ്രസിദ്ധീകരണപ്രസ്ഥാനത്തെയും തൽപ്രവർത്തകന്മാരെയും പ്രോത്സാഹിപ്പിക്കണമെന്നും, വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ എഴുതിയും, പത്രമാസികകൾ പ്രചരിപ്പിക്കുന്നതിനു സ്വാത്മനാ ശ്രമിച്ചും യഥാശക്തി ധനസഹായംചെയ്തും മറ്റും കത്തോലിക്കാ

പ്രസിദ്ധീകരണത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ സകല കത്തോലിക്കരെയും- യുവാക്കന്മാരെ പ്രത്യേകിച്ചും-പ്രോത്സാഹിപ്പിക്കണമെന്നുമാണ് പ്രസ്തുത പ്രദർശനംകൊണ്ടു പരി. പിതാവുദ്ദേശിക്കുന്നതു്. ഈ ഉദ്ദിഷ്ടങ്ങൾ സാധിക്കുന്നതിനും പ്രദർശനം സർവ്വഥാ വിജയപ്രദമാകുന്നതിനും ഏവരും ഈ ഏപ്രിൽ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കണമെന്നും പ. പിതാവു ഉപദേശിക്കുന്നു.

ഇന്നത്തെ ആദ്ധ്യാത്മികലോകം ഒരു മഹാരോഗത്താൽ ബാധിതമായിരിക്കയാണു്. യഥാർത്ഥജ്ഞാനവും ധർമ്മനിഷ്ഠയുമാണല്ലൊ മനുഷ്യാത്മാവിന്റെ ജീവൻ. ഇന്നത്തെ ലോകം സാഹിത്യാന്തരീക്ഷത്തിലാണു ജീവിക്കുന്നതു്. അതു ശ്വസിക്കുന്നതു സാഹിത്യമാണെന്നു പറയാം. വായനയ്ക്കുള്ള അഭിരുചി അത്യാത്തം വർദ്ധിച്ചിട്ടുണ്ടു്. മനുഷ്യാത്മാവു സ്വസ്ഥമായി ജീവിക്കണമെങ്കിൽ അതിന്റെ ജീവവായുവായിരിക്കുന്ന സത്യവും ധർമ്മബോധവും സാഹിത്യാന്തരീക്ഷത്തിൽ ആവശ്യത്തിനുമാത്രം ഉണ്ടായിരിക്കണം. എന്നാൽ മനുഷ്യന്റെ കുലശത്രുവും അവന്റെ നാശത്തെ മാത്രം കാംക്ഷിക്കുന്നവനുമായ പിശാചു് അസത്യമാകുന്ന വിഷവായു സാഹിത്യാന്തരീക്ഷത്തിൽ വ്യാപിപ്പിച്ചു മനുഷ്യാത്മാവിന്റെ നാശം സാധിക്കുവാനാണു് ആരംഭം മുതൽ നിരന്തരം യത്നിച്ചുകൊണ്ടിരിക്കുന്നതു്. സാത്താന്റെ സഹപ്രവർത്തകന്മാരായി ദുഷ്പ്രചാരണത്തൊഴിലാളികളായ അനേകം മനുഷ്യാധമന്മാർ ഇന്നു ഭൂമുഖത്തുണ്ടു്. അവരുടെ പുസ്തകങ്ങളും പത്രമാസികകളുമാകുന്ന അസത്യവിഷവാഹികൾകൊണ്ടു ലോകം നിറഞ്ഞിരിക്കുന്നു. സാഹിത്യാന്തരീക്ഷം വിഷകലുഷിതമായിരിക്കുന്നു. ജനതതി ഇതറിയാതെ വിഷമയമായ അന്തരീക്ഷത്തിൽ മുഴുകിജീവിക്കുന്നു. ഇതിന്റെ അവശ്യഫലമായിട്ടാണു് ആദ്ധ്യാത്മികലോകത്തിനു കഠിനരോഗം പിടിപെട്ടിരിക്കുന്നതു്. മെക്സിക്കോ, റഷ്യാ, ജർമ്മനി മുതലായ പാശ്ചാത്യരാജ്യങ്ങളിൽ മാത്രമല്ല നമ്മുടെ കേരളത്തിൽപോലും ഈ മഹാമാരി പിടുത്തം പിടിച്ചുകൊണ്ടിരിക്കുന്നു.

പലരിലും രോഗലക്ഷണങ്ങൾ കാണാറുണ്ടു്. ചിലരിൽമതപ്രതിപത്തിയും ഭക്തികൃത്യങ്ങളിലുള്ള താല്പര്യവും കുറഞ്ഞുവരുന്നു. ചിലർ ദുഷ്പ്രചാരണത്തൊഴിലാളികാംക്ഷയാൽ അധികാരികളെ അവജ്ഞയോടുകൂടി നോക്കുകയും അക്ഷേപിക്കയും ചെയ്തുതുടങ്ങിയിരിക്കുന്നു. ചിലരിൽ രോഗം മൂർദ്ധന്യത്തെ പ്രാപിച്ചു കഴിഞ്ഞിരിക്കയാണു: "....ദൈവമില്ല, മതം ആവശ്യമില്ല, ധർമ്മനിഷ്ഠ മനുഷ്യന്റെ ഇച്ഛാശക്തിക്കു പ്രതിബന്ധമായിരുന്നുകൂടാ" എന്നൊക്കെപ്പിച്ചുംപേയും പറയുന്നവർ ഇവിടെയും കുറവല്ല. ആപൽകരമായ ഈ രോഗത്തെ ശമിപ്പിക്കുന്നതിനു രോഗഹേതുവായ വിഷവായുവിനെ

ബഹിഷ്കരിക്കയാണല്ലോ ചെയ്യേണ്ടതു്. ഇതു ചെയ്യുവാൻ ശ്രദ്ധാലുവായ ആ വശ്യമാണു്. നിർമ്മതന്മാർ ദൈവാസ്തിക്യത്തെയും മതത്തെയും നിഷേധിക്കുന്നു; അക്രൈസ്തവർ ലോകരക്ഷകനും ലോകൈകഗുരുവുമായ ക്രിസ്തുവിന്റെ ദൈവത്വത്തെയും സ്വർഗ്ഗീയമായ ഉദ്യോഗത്തെയും അവിശ്വസിക്കുന്നു. അകത്തോലിക്കരായ അക്രൈസ്തവർ ദൈവവചനത്തെ നിർവിശങ്കം ദുർവ്യാഖ്യാനം ചെയ്യുകയും ദൈവസ്ഥാപിതമായ അധികാരിയെ അനുസരിക്കാതെ മത്സരിച്ചു നില്ക്കുകയും, സഭയെപ്പറ്റി തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കുകയുംചെയ്യുന്നു. അപ്രമാദിത്വത്തോടുകൂടി പഠിപ്പിക്കുന്ന കത്തോലിക്കാസഭാമാത്രം ദൈവവചനത്തെ അന്യൂനമായി സൂക്ഷിച്ചുകൊണ്ടു സത്യത്തെയും ധർമ്മത്തെയും പാലിക്കുന്നു. അതിനുമാത്രമേ ലോകത്തെ രക്ഷിക്കാൻ കഴികയുള്ളു. അതെ, വിജ്ഞാനസാഗരമായ കത്തോലിക്കാസഭയിൽനിന്നു സത്യമാകുന്ന സ്വച്ഛവായു പ്രവഹിച്ചില്ലാതെ വിഷവായുവിനെ ബഹിഷ്കരിക്കുന്നതിനോ ആത്മാവിന്റെ രോഗത്തെ ശമിപ്പിക്കുന്നതിനോ സാധിക്കുന്നതല്ല. ആകയാൽ കത്തോലിക്കാമതതത്വങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന പ്രസിദ്ധീകരണങ്ങൾകൊണ്ടു ലോകം നിറയണം. സാഹിത്യാന്വീക്ഷം കത്തോലിക്കമയമായിത്തീരണം. അപ്പോൾ ക്രമേണ ലോകത്തിൽ നവജീവനുണ്ടാകും. കത്തോലിക്കാപ്രസിദ്ധീകരണങ്ങളുടെ ആവശ്യകതയെയും പ്രാധാന്യത്തെയുംപറ്റി പ. പിതാവു പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ടു്. ഓരോ കുടുംബത്തിലും കത്തോലിക്കാ പ്രസിദ്ധീകരണം പ്രവേശിക്കണം.

ഈ പ്രസ്ഥാനം വിജയകരമാകുന്നതിനു എല്ലാകത്തോലിക്കരുടെയും ഹൃദയപൂർവമായ സഹകരണം അത്യന്താപേക്ഷിതമാണു്. എത്രകുറഞ്ഞതോതിൽ നടത്തപ്പെടുന്ന പ്രസിദ്ധീകരണത്തിനും ലേഖകന്മാരുടെ സഹായം ഒഴിച്ചുകൂടാത്തതാണു്. അഭ്യസ്തവിദ്യരായ കത്തോലിക്കർ നല്ല ലേഖനങ്ങളാൽ കത്തോലിക്കപത്രമാസികകളെ സഹായിച്ചുകൊണ്ടിരിക്കണം. പ്രസിദ്ധീകരണങ്ങൾക്കു നല്ല പ്രചാരം ഇല്ലെങ്കിൽ ഉദ്ദിഷ്ടഫലം സിദ്ധിക്കയില്ലല്ലൊ. നിവൃത്തിയുള്ളവരെല്ലാം കത്തോലിക്കപത്രങ്ങളും മാസികകളും വരുത്തിവായിക്കുകയും അവയെ കൂടുതൽ പ്രചരിപ്പിക്കുന്നതിനു പരിശ്രമിക്കയും ചെയ്യണമെന്നു പരി. പിതാവു ഉപദേശിക്കുന്നു. സത്യാന്വേഷികളായ അകത്തോലിക്കർക്കു കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ നൽകുന്നതിൽ കത്തോലിക്കർ കൂടുതൽ ശ്രദ്ധാപതിക്കേണ്ടതുമാവശ്യമാണു്. അബദ്ധതത്വങ്ങൾകൊണ്ടു നിറഞ്ഞ അകത്തോലിക്കാപ്രസിദ്ധീകരണങ്ങളെ ഉപേക്ഷിച്ചു കത്തോലിക്കാപ്രസിദ്ധീകരണങ്ങളെ പോഷിപ്പിക്കുവാനും, പ്രചരിപ്പിക്കുവാനും സഹായിക്കുവാനും ഓരോ കത്തോലിക്കനും കടമയുണ്ടു്.

'ഇതുചെയ്തവർ നമ്മൾതന്നെ.'

കേക.

(ജോസഫ് പണ്ടിയാമ്മാക്കൽ)

കാലമാംതിരശ്ശീലയ്ക്കപ്പുറംകടന്നുനാം
കാൽവരിക്കുന്നിലേയ്ക്കുകണ്ണുകളയയ്ക്കുക!
ലോകകാംക്ഷങ്ങൾമാത്രംലോഭമറവനേച്ചിച്ചു
ജീവിതംപാഴാക്കാതെ, ജീവദയകമായ
കാൽവരിക്കുന്നിലേക്കു കണ്ണുകളയയ്ക്കുക!
മാനവശാപങ്ങളെ! കണ്ണുകളയയ്ക്കുക!
ഉള്ളംതകരുംപടിയുള്ളുരുകുംചിന്തകൾ—
ക്കുള്ളിൽധ്യാനിപ്പാനുണ്ടാം, ഉറവുസൃഷ്ടിച്ചീടുക!
പാണികൾവിരിച്ചിരുപാദങ്ങളടുപ്പിച്ച
കാണികൾക്കലിവേറുംമട്ടിതാക്രൂശതിന്മേൽ
ആണികളവലംബമായൊരുതിരുമേനി
ശോണിതമണിഞ്ഞയ്യോ! കാണായിവന്നിടുന്നു.
മുൾമുടിശിരസ്സതിൽ, ദേഹത്തിൽമുറിവുകൾ
കൺമുനതെല്ലിയത്തിക്കാണുകസോദരരെ!
ക്രൂരമൃത്യുള്ളമുള്ളുകൊണ്ടുതറച്ചു; രക്തം
ഉത്തമാംഗത്തിൽനിന്നുധാരയായ്വാർന്നിടുന്നു.
ധൂർത്തരാംഘാതകരാൽഹതത്തടംപോലുമയ്യോ!
നിർദ്ദയംകുന്തംകൊണ്ടുകുത്തിപ്പിളക്കപ്പെട്ടു.
പേർത്തുകണ്ടീടുകനാം, എള്ളോളമിടംപോലും
മർദ്ദനമേൽക്കാതില്ലീമഞ്ഞളമേനിതന്നിൽ!
ലോകപാപംവഹിക്കുംസ്നേഹസത്രപനാഥ
യേശുവെയല്ലയൊനാം കാണുന്നതിരുപത്തിൽ.
പിച്ചകമാലപോലെ മെച്ചമിയന്നമേനി
പിച്ചിയപൂമാലയോടൊക്കുമെപാർത്തീടുകിൽ.
പാർത്തലരക്ഷക്കായിപ്പാരിടെജാതനായ
ക്രിസ്തുവോടിപ്രകാരംക്രൂരതചെയ്തതാര്?
കന്മഷരഹിതനിക്കാരണ്യവാരിധിയോ—
ടിമ്മഹാപാതകങ്ങൾക്കാട്ടുവാൻഹേതുവെന്തു?
ശാന്തരായ്ച്ചിന്തിക്കുവിൻ; മാനവശാപങ്ങളെ
എന്തൊരുസമാധാനംനിങ്ങൾക്കുണ്ടെന്നുമിതിൽ?
ദുഷ്ടതയിത്തൂ, യൂദർകാട്ടിയതെന്നോർത്തുനാം
ഒട്ടുമേതെളിയായ്ക; കാരണംനമ്മൾതന്നെ.
നമ്മൾതൻപാപങ്ങളാൽ; കേഴുകസോദരരെ!
ചിന്മയനേശുവെ നാംക്രൂശതിലേറ്റികഷ്ടം!
യൂദജനങ്ങളവർ നമ്മുടെപാപഭാരം
മൂർത്തിയായ്ചമഞ്ഞതാം; മാനുഷരല്ലായവർ.
ആയവരിതിൽനമുക്കായുധമായിനിന്നു.
ആയതുമാത്രം, മിതുചെയ്തവർ നമ്മൾതന്നെ.

നമ്മുടെ സ്മരണാർഹനായ

നി. വ. ദി. ശ്രീ കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചന്റെ

തിരുമനസ്സിലെ

ശവസംസ്കാരം.

(തുടർച്ച.)

(റവ ഫാദർ ഫില്ലാസ്ത്യോസ്സ് സി. ഡി. അവർകൾ.)

ജൂലായി 25-നംനു വ്യാഴാഴ്ച്ച പകൽ 12½ മണിക്ക് ചമ്പക്കുളത്തുനിന്നുള്ള ഘോഷയാത്ര ചങ്ങനാശേരി ബോട്ടുകടവിൽ എത്തണമെന്നായിരുന്നു നിശ്ചയം. തദനുസരണം സ്വീകരണസജ്ജീകരണങ്ങൾ കാലേക്കൂട്ടി ചെയ്തിരുന്നു. ചന്തക്കടവുമുതൽ പള്ളിവരെ അതിമനോഹരമായവിധം അലങ്കരിച്ചിരുന്നു. ഓരോ ഇടവകപ്പള്ളികളിൽനിന്നും കൊണ്ടുവന്നിരുന്ന 70-ൽ പരം വെള്ളിക്കുരിശുകളും 14-ഓളം പൊൻകുരിശുകളും അനവധി മുത്തുക്കുടകളും വിവിധവർണ്ണക്കൊടികളും നിരനിരയായി പിടിച്ചുകഴിഞ്ഞു. സൊഡാലിറ്റിസംഘ്യാംഗങ്ങൾ മൂന്നാംസഭക്കാർ, സന്യാസിനികൾ, സന്യാസവിദ്യാർത്ഥികൾ, സെമിനാരിക്കാരായ ശെമ്മാശ്ശന്മാർ, സന്യാസവൈദികർ, ഇടവകപ്പട്ടക്കാർ മുതലായവർ നിരന്നുനിന്നു. ഘോഷയാത്ര നയിക്കുന്നതിനു വൈദികരും വാളൻറിയർ സംഘവും സംകൂട്ടനേതാക്കന്മാരും ഉൾപ്പെട്ട ഒരു കമ്മറിയും ഏർപ്പെട്ടിരുന്നു.

ജലവാഹനനിയന്ത്രകന്മാർ ബോട്ടുകടവിൽ മുമ്പെതന്നെയെത്തി ചുണ്ടൻവള്ളങ്ങൾ ബോട്ടുകൾ മുതലായവ അണിനിരത്തി കൂട്ടനാടൻബോട്ടിനെ സ്വീകരിക്കുവാൻ ക്രമപ്പെടുത്തിക്കഴിഞ്ഞു. ഉച്ചകഴിഞ്ഞു 1- മണിക്കു് അവശിഷ്ടവാഹിനിയായ കൂട്ടനാടൻബോട്ടും പരിവാരങ്ങളും ചന്തക്കടവിൽ എത്തിയപ്പോൾ അവിടെ നടന്ന ആഹ്ലാദപ്രകടനങ്ങൾ ശരിയാംവണ്ണം കണ്ടു മനസ്സിലാക്കുന്നതിനു് ഒരു വിമാനത്തിന്റെ ആവശ്യംതന്നെയുണ്ടായിരുന്നു. അധഃപതനകാലമല്ലായിരുന്നുവെങ്കിൽ ചങ്ങനാശേരിശ്രുപതക്കാർ ഈ അസാധാരണാഘോഷത്തെ മോടിപിടിപ്പിക്കുന്നതിനു് ഒരു വിമാനംകൂടി ഏർപ്പാടാക്കുന്നതിനു് മടിക്കയില്ലായിരുന്നുവെന്നൊരു വർത്തമാനം പരക്കെ ഉണ്ടായതാണു്.

ഉദ്ദേശം ഒരുലക്ഷംവരുന്ന വിവിധമതസ്ഥരായ ജനങ്ങൾ അത്യുത്സുകതയോടെ പ്രതീക്ഷിച്ചു നിലയ്ക്കയിലാണു് ചമ്പക്കുളത്തുനിന്നുള്ള ഘോഷയാത്ര കടവിൽ എത്തിയതു്. ചങ്ങനാശേരിയിൽ, നി. വ. ദി. ശ്രീ. മാർ അലക്സാന്ത്രയോസ് ചുളപ്പറമ്പിൽ, നി. വ. ദി. ശ്രീ. മാർ തെയോഫിലോസ് എന്നീ തിരുമേനിമാർ യഥാസമയം ആഗതരായി നിന്നു. ചങ്ങനാശേരി ശ്രുപതയുടെ വികാരിജനറാൾ റൈറ് റവ. മോൺസിഞ്ഞോർ ജേക്കബ് കല്ലറക്കൽ, അവർകളും, മോൺസിഞ്ഞോർ സക്കറിയാ വാച്ചാപറമ്പിൽ അവർകളും ഫോ. വി. ഐ. ബ. കുര്യാക്കോസ് മണ്ണനാൽ അവർകളും മറ്റു വൈദികരുംകൂടി പ്രൗ

റവഫോറത്തിൽവച്ച് അവശിഷ്ടപേടകം സ്വീകരിച്ച് അലംകൃതമായ പന്ത
ലിൽ ഒരുയർന്ന പീഠത്തിൽ സ്ഥാപിച്ച് ആക്ഷോഷമായ ഒരു ഒപ്പീസു പാടിയ
ശേഷം മുറയ്ക്ക് പ്രദക്ഷിണം മെത്രാസനപ്പള്ളിയിലേക്ക് തിരിച്ചു. സൂറിയാനിഒ
പ്പീസിലുള്ള യാത്രാഗീതങ്ങൾ കണ്ണാനന്ദദവും ദുഃഖസൂചകവുമായ സ്വരത്തി
ൽ വൈദികർ ക്രമമായി പാടിയിരുന്നു.

മറവുള്ളവർ അനുഗ്രഹക്കൊന്ത, ദൈവസ്നേഹക്കൊന്ത, ജപമാല മുതലാ
യ പ്രാർത്ഥനകൾ ചൊല്ലി. ഇതിനിടയ്ക്ക് ബാൻഡുസെറ്റുകാർ ഡെഡ്മാർച്ച
മുഴക്കി സകലരേയും ആകർഷിച്ചു. ഉദ്ദേശം ഒരുമണിക്കൂർ നീളിച്ച പ്രദക്ഷി
ണം വലിയപള്ളിക്കടുത്തപ്പോൾ കുതിരാവെടികളും മണിനാദവും മുഴങ്ങി.
പൊൻ വെള്ളിക്കുരിശുകൾ, അനേകം മുത്തുക്കുടകൾ എല്ലാം അവയുടെ സ്ഥാ
നങ്ങളിൽ നിലയുറപ്പിച്ചു. ബ. വൈദികർതന്നെ വഹിച്ചിരുന്ന പ്രേതമഞ്ചം,
പള്ളിയുടെ കിഴക്കുവടക്കായി സ്ഥാപിതമായ അഭിഷേകമണ്ഡപത്തിൽ സ
ജ്ജീകൃതമായിരുന്ന മേശയിൽസ്ഥാപിച്ചു. ചെത്തിപ്പുഴ പഠനഗൃഹാശ്രമവാസി
കളുടെ ഒരു പൂമാല അതിന്മേൽ ചാർത്തി. ഭവൈദികമേലദ്ധ്യക്ഷന്മാർ ഏവരും
യഥാസ്ഥാനങ്ങളിൽ ഇരുന്നുകഴിഞ്ഞു. ഈ അവസരത്തിൽ കൂടിയിരുന്ന അ
നേകായിരം ജനങ്ങൾ നിസ്തബ്ധരായിനിന്നു.

തദനന്തരം കോട്ടയം രൂപതയുടെ മെത്രാൻ നി. വ. ദി. ശ്രീ. അലക്സാ
ന്ത്രയോസ് പൂളപ്പറമ്പിൽ തിരുമനസ്സുകൊണ്ട് "ഇസ്രായേലിൽ ഒരു ധീര
യോദ്ധാവ് നിലംപതിച്ചു." എന്നവാക്യം ഉയർന്ന സ്വരത്തിൽ ഉച്ചരിച്ചുകൊ
ണ്ടു പ്രസംഗം ആരംഭിച്ചു. ഉദ്ദേശം ഒരു മണിക്കൂർ ദീർഘിച്ച ആ പ്രസംഗം
കാഴ്ചസമ്പൂർണ്ണവും ഹൃദയംഗമവുമായിരുന്നു. കാലംചെയ്ത വന്ദ്യതിരുമേനിയുടെ
ഭരണകാലത്തിലേ ചിന്താവിഷയം വി. കുർബാനയും, റോമായും ആയിരുന്നെ
ന്നും വി. കുർബാനയോടുള്ള ഭക്തി തന്റെ കീഴിലുള്ള വിശ്വാസികളിൽ വർദ്ധിപ്പി
ക്കുന്നതിനു് അശ്രാന്തപരിശ്രമം ചെയ്തിരുന്നുവെന്നും റോമാമാർപ്പാപ്പാമാരോടും
താൻ വളരെക്കാലം താമസിച്ചുപഠിച്ച പ്രൊപ്പഗാന്തകോളജിനോടും പ്രത്യേക
പ്രതിപത്തിയുണ്ടായിരുന്നുവെന്നും പലതവണ റോമായാത്രചെയ്തു് നാലു മാ
ർപ്പാപ്പാമാരെകണ്ടു് ചുംബനം ചെയ്യുന്നതിനും റോമായിൽ താമസിക്കയിൽ പ
രിശുദ്ധപിതാവിന്റെ ആശീർവ്വാദം സ്വീകരിച്ചു് അവിടെവച്ചു മരിക്കുന്നതിനും,
സംസ്ക്കരിക്കപ്പെടുന്നതിനും ഭാഗ്യം സിദ്ധിച്ചുവെന്നും മറ്റും വിസ്തരിച്ചുപറ
ഞ്ഞു. ആരാധനമഠസ്ഥാപനത്തെക്കുറിച്ച് പ്രത്യേകം സൂചിപ്പിക്കുകയും ചെയ്തു.
അവിടുന്നു് റോമായിൽ സംസ്ക്കരിക്കപ്പെട്ടാലും തന്റെ വത്സല സൈക്കുടുംബ
ത്തെ ഇപ്പോൾ ചങ്ങനാശേരി രൂപതയെ പ്രത്യേകം സ്നേഹിക്കുന്നുവെന്നും ഭരിക്കുന്ന ദേഹവും
യെന്നമ്മുടെ വന്ദ്യതിരുമേനിയുടെ പ്രത്യേക പരിശ്രമത്താൽ ആ പുണ്യശ്ലോകന്റെ
ശരീരാവശിഷ്ടങ്ങൾ സ്വദേശത്തു് സ്വന്തം രൂപതയായ ചങ്ങനാശേരിയിൽ ത
ന്നെ സംസ്ക്കരിക്കുന്നതിനിടയാകുന്നതു വലിയദേഹത്തെന്നോടെന്നും കൊ
ണ്ടുവച്ചുകാലംചെയ്ത കോട്ടയം രൂപതയുടെ മെത്രാപ്പോലീത്തയുടെ ശരീ
രം വഴക്കപ്പെടാതെ ചങ്ങനാശേരിയിടുക്കുന്നതിനു് ഇടയായി എന്നും ദൈവാനു
ഗ്രഹത്താൽ യാതൊരു വിഷമതയുംകൂടാതെ ഇദ്ദേഹത്തെ ഇവിടെത്തന്നെ അട
ക്കുന്നതിനു സാധിച്ചതു ചങ്ങനാശേരിക്കാർ പ്രത്യേകം സൂക്ഷിക്കണമെന്നും ഇദ്ദേഹ

ത്തെ അനുകരിക്കയും ഇദ്ദേഹംവഴി നമുക്കുലഭിച്ചിട്ടുള്ള ഗുണങ്ങൾ ഫലവത്താക്കുവാൻ ഓരോരുത്തനും ശ്രമിക്കയും ചെയ്യേണ്ടതാകുന്നു എന്നും പ്രസ്താവിച്ച് പ്രസംഗം അവസാനിപ്പിച്ചെന്നു ചുരുക്കിപ്പറയാം.

അതിനുശേഷം മെത്രാഭിഷേകമണ്ഡപത്തിൽനിന്നും അവശിഷ്ടപേടകം ബ. വൈദികർ തന്നെവഹിച്ചുകൊണ്ട് പ്രദക്ഷിണമായി എല്ലാവൈദിക മേലദ്ധ്യക്ഷന്മാരുടെയും സാന്നിദ്ധ്യത്തിൽ സകലവിധ ആഘോഷങ്ങളോടുംകൂടി മദ്ബഹായിലേക്കു കൊണ്ടുവന്നു. മദ്ബഹായിൽ ക്രമപ്പെടുത്തിയിരുന്ന സംസ്ക്കാരസ്ഥാനത്തു് വെച്ചശേഷം, പ്രസ്തുത ഒപ്പീസ് കർമ്മത്തിന്റെ അവസാന പ്രാർത്ഥനകൾ തുടർന്നു. ആദ്യമായി "നമ്മുടെ പിതാവു്" എന്നു തുടങ്ങുന്ന ജപം മാർ അലക്സാന്ത്രയോസു മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ചൊല്ലി. അനന്തരം മാർ ജയിംസുമെത്രാനച്ചൻ പ്രധാന കാർമ്മികനായി അനന്തര പ്രാർത്ഥനകൾ ചൊല്ലി കുഴിമാടവും, പ്രേതപേടകവും ആശീർവദിച്ചു. അതിന്റെശേഷം മെത്രാന്മാർ ഏവരുംകൂടി അവശിഷ്ടപേടകം താങ്ങിക്കൊണ്ടു് വലിയ അൾത്താരയിൽ തൊട്ടുവിച്ചു് "സഭയോടു സമാധാനം" എന്നു തുടങ്ങുന്ന കരുണാമസൃണമായ ഗീതം പാടിയശേഷം പേടകം യഥാസ്ഥാനത്തുവച്ചു. പുരോഹിതശ്രേഷ്ഠന്മാരാദ്യമായും, മറ്റു വൈദികർ അതിനെതുടർന്നും കുന്തുരുക്കം വിതറി കുഴിയിൽ സംസ്ക്കരിച്ചു. കുന്തുരുക്കം ഇട്ടശേഷം കുഴിമാടം മൂടുകയും ചെയ്തു. നമ്മുടെ വന്ദ്യപിതാവു് ജെയിംസു കാളാശ്ശേരി തിരുമനസ്സുകൊണ്ടു് കടശി "ഉത്ഥാമ്മാ" ചൊല്ലി ആശീർവദിച്ചവസാനിപ്പിച്ചു. അവിടുന്നു റോമായിൽ വെച്ചു ചെയ്തതിനെത്തന്നെ അദ്ദേഹത്തിന്റെ പിൻഗാമിയായി ഒരു മെത്രാൻ പദത്തിലേയ്ക്കു് ഉയർത്തപ്പെട്ടവനായി ആവർത്തിക്കുന്നതിനു് ദൈവപരിപാലനാ അനുഗ്രഹം ചെയ്തുവെന്നുള്ളതു പ്രത്യേകം സ്മരണീയമാണു്.

അവശിഷ്ടപേടകത്തിൽ ചാർത്തിയിരുന്ന പൂക്കളും പൂമാലകളും അവിടെക്കൂടിയിരുന്ന ബ. വൈദികരും വിശ്വാസികളും ഒരു തിരുശ്ശേഷിപ്പു് എന്ന നിലയിൽ പൂജ്യമായി സംഗ്രഹിച്ചു മടങ്ങുകയാണു ചെയ്തതു്. ഈ അവസരത്തിൽ ചങ്ങനാശേരിയിൽക്കൂടിയ എല്ലാ വൈദികർക്കും ആവശ്യാനുസരണം കർമ്മലീത്താമഠംവക ഹൈസ്ക്കൂളിൽവച്ചു സന്യാസിനികളുടെ മേൽനോട്ടത്തിലും ശ്രുശ്രൂഷയിലും കേമമായ ഡിന്നറും കാപ്പി സൽക്കാരവും ഉണ്ടായിരുന്നുവെന്നതും പ്രസ്താവ്യമാണു്. നിത്യസ്മരണക്കർഹനായ ആ പുണ്യശ്ലോകൻ കൂട്ടുംമുറ്റത്തിൽ മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സിലെ പൂജ്യാവശിഷ്ടങ്ങൾ ഇത്ര മഹാഡംബരങ്ങളോടുകൂടി സംസ്ക്കരിക്കുന്നതിനു് ഇടയായതിൽ നമ്മുടെ വന്ദ്യപിതാവു് മാർ ജെയിംസുമെത്രാൻ തിരുമനസ്സിക്കുണ്ടായിട്ടുള്ള സന്തോഷത്തേയും സംതൃപ്തിയേയും പല അവസരത്തിലും അവിടുന്നു പ്രസ്താവിക്കുന്നതിനിടയായിട്ടുണ്ടു്. അപ്രകാരംതന്നെ ത്രുപതയിലെ വൈദികർക്കും സന്യാസ സന്യാസിനികൾക്കും വിശ്വാസികളേവർക്കും ഈ കാര്യത്തിലുണ്ടായിട്ടുള്ള സംതൃപ്തിയും സന്തോഷവും അവർണ്ണനീയമാണെന്നു ഒത്തൊരുമിച്ചുള്ള അവരുടെ ശ്രമം തന്നെ സാക്ഷിക്കുന്നു.

ഈവിധം സ്നേഹപൂർവ്വകവും കൃതജ്ഞതാസൂചകവുമായ ആഘോഷത്തിനു് പ്രേരകമായതു് പരേതനായ പുണ്യശ്ലോകന്റെ വിജയപൂർണ്ണവും സ്നേഹപൂർവ്വ

പുമായ ഭരണവും തൻമൂലം ഉണ്ടായിട്ടുള്ള ദൈവാനുഗ്രഹവും ആകുന്നുവെന്നു സ്പഷ്ടമത്രെ. അദ്ദേഹത്തിന്റെ ജനനം മരണം– എന്നിവ വി. കൊച്ചുത്രേസ്യായുടെ ജീവിതത്തോടു് പലതും ഉപമിക്കുന്നുണ്ടു്. ഇദ്ദേഹം മാന്നാനം ആശ്രമവക ഇംഗ്ലീഷ് സ്കൂളിൽ പഠിക്കുന്നതിനു് ബോർഡിങ്ങിൽ താമസിച്ച കാലംമുതൽ മരണംവരെയുമുള്ള സകല നടപടികളെക്കുറിച്ചും സമകാലികൻ സഹപാഠി സഹചാരി എന്ന നിലകളിൽ ഇതെഴുതുന്നയാൾ കണ്ടും കേട്ടും നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ളതാണു്. തിരുഹൃദയഭക്തിയിൽ ഇദ്ദേഹം ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾതന്നെ പ്രശോഭിച്ചിരുന്നു. ബോർഡിങ്ങിൽവച്ചു് പ്രതിദിനം തിരുഹൃദയജപമാല ചൊല്ലുക പതിവായിരുന്നു. ഈ എഴുത്തുകാരൻ പലപ്പോഴും ഇദ്ദേഹത്തോടുകൂടി പ്രാർത്ഥിച്ചിട്ടുണ്ടു്. തനിക്കില്ലാത്തതു് മറെറാരുത്തനുകൊടുക്കുവാൻ ഒരുവനു സാധ്യമല്ലല്ലൊ. എന്നാൽ നമ്മുടെ പുണ്യശ്ലോകൻ ഭരണകർത്താവായി രൂപതക്കും, അതിലേ വിശ്വാസികൾക്കും സാമുദായികമായും വ്യക്തിപരമായും എന്തെല്ലാം ഗുണാഭിവൃദ്ധി വരുത്തീട്ടുണ്ടോ അവയെല്ലാം അദ്ദേഹത്തിൽ വിളങ്ങിയ സ്വകൃതങ്ങളുടെ പ്രതിഫലനം മാത്രമേ ആയിരുന്നുള്ളു. ഈ പുണ്യശ്ലോകന്റെ തൃപ്പട്ടരജതജൂബിലിയാഘോഷാവസരത്തിൽ ചങ്ങനാശേരിയിലെ മഹാഘോഷത്തിൽ നടന്ന പ്രസംഗങ്ങളിലും അദ്ദേഹത്തിനു സമർപ്പിച്ച മംഗളപത്രങ്ങളിലും അദ്ദേഹത്തിന്റെ ഗുണഗണങ്ങളെപ്പറ്റി വിവരിച്ചിരിക്കുന്നതിൽ യാതൊരു അതിശയോക്തിയോ, അതിവർണ്ണനയോ ഇല്ലെന്നു ആ മഹാമഹത്തിൽസംബന്ധിക്കുന്നതിനു ഭാഗ്യംസിദ്ധിച്ചഈ എഴുത്തുകാരനു നിശ്ചയമായും പരമാർത്ഥമായും പറയാവുന്നതാണു്. ഈപുണ്യശ്ലോകൻ ദൈവത്തിനും മനുഷ്യർക്കും ഇഷ്ടപ്പെട്ടരീതിമനുഷ്യനും, മാതൃകാദൈവഭക്തനും മതതിക്ഷ്ണതയും അത്യുത്സാഹവുമുള്ള ഒരു മെത്രാനും ആയിരുന്നുവെന്നുള്ളതു് മറയ്ക്കാനും, മറക്കുവാനുംപാടില്ലാത്ത സത്യംമാത്രമാകുന്നു. ഇദ്ദേഹത്തിന്റെ സന്മാതൃകകളെ ആദ്യവസാനം കാണുന്നതിനും ഇദ്ദേഹത്തിന്റെ പല പ്രസ്ഥാനങ്ങളിലും സഹകരിക്കുന്നതിനും, ഇദ്ദേഹത്തെസംബന്ധിച്ച മഹാമഹങ്ങളിൽ എല്ലാത്തിലുംതന്നെ പങ്കുകൊള്ളുന്നതിനും ഇടയായതിൽ ഈ എഴുത്തുകാരനു് വലിയ അനുഗ്രഹം അദ്ദേഹത്തിൽനിന്നും ലഭിക്കുന്നതിനിടയായിട്ടുണ്ടെന്നു പൂർണ്ണമായി വിശ്വസിക്കുകയും അദ്ദേഹത്തെപ്പോലെ അവസാനാവസരം ആനന്ദത്തിൽ മരിക്കുന്നതിനിടയാക്കണമെന്നു അത്യാശയോടുകൂടി പ്രാർത്ഥിച്ചുകൊള്ളുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ ജ്ഞാനമക്കളേവരും അദ്ദേഹത്തിന്റെ ഭക്തിതിക്ഷ്ണതയെ അനുകരിച്ചു് അദ്ദേഹം വഴിയായി ലഭിച്ചിട്ടുള്ള ദൈവാനുഗ്രഹങ്ങളെയും ദൈവപ്രകാശനങ്ങളെയും ഫലവത്താക്കണമെന്നു് ഏവരോടും യാചിച്ചുകൊണ്ടു് ഈ റിപ്പോർട്ടു് ഉപസംഹരിച്ചുകൊള്ളുന്നു.

വിശ്വാസമുള്ളിടത്തു സ്നേഹമുണ്ടു്. സ്നേഹമുള്ളിടത്തു സമാധാനമുണ്ടു്. സമാധാനമുള്ളിടത്തു ദൈവമുണ്ടു്. ദൈവമുള്ളിടത്തു എല്ലാമുണ്ടു്.

ആകയാലെന്തു ചെയ്യണം?

ഫാദർ തോമ്മസ് കൊച്ചുപുരക്കാനാൽ.

വേദപ്രചാരകൃത്യത്തിന്റെ മാഹാത്മ്യവും അതിനുവേണ്ടി പ്രയത്നിക്കുന്നതുകൊണ്ടുള്ള പ്രയോജനവും എത്രയും വലിയതാണെന്ന് എല്ലാവർക്കും അറിയാമല്ലോ. അതു് ദൈവത്തിന്റെ വേലയെന്നായകയാൽ അതിന്റെ വൈശിഷ്ട്യംകാണിപ്പാൻ വേറൊരുന്യായവും ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതു് ഉത്തമന്മാരും സത്തമന്മാരും അനുഷ്ഠിക്കുന്ന കൃത്യമാകയാൽ അനുകരണീയമെന്നും സിദ്ധിക്കുന്നു. അതു സ്വരക്ഷ കൈവരുത്തുന്നതും പരനന്മ ജനിപ്പിക്കുന്നതും, സ്വസമുദായോൽകർഷം ഉദിപ്പിക്കുന്നതും, സ്വരാജ്യൈശ്വര്യം വർദ്ധിപ്പിക്കുന്നതുമാകയാൽ അതിനേക്കാൾ കമനീയമായി വേറൊന്നു സ്ഥിതിചെയ്യുന്നുമില്ല. ആകയാലെന്തുചെയ്യണം? സ്വാത്മനാ പ്രവർത്തിക്കയല്ലാതെ പിന്നെയെന്താണു ചെയ്യേണ്ടതു? അതുകൊണ്ടു് അങ്ങനെതന്നെ ചെയ്യാം.

പലരും അങ്ങനെ ചെയ്യുന്നുണ്ടെന്നുള്ളതിനെ വിസ്മരിക്കുന്നില്ല. എന്നാൽ ഇപ്പോഴും, ഒന്നുകൂടെ വിശേഷമായിച്ചെയ്താൽ ഫലിച്ചിരിക്കുമെന്നു ധരിച്ചുവച്ചാൽകൊള്ളാം. ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ വേദപ്രചാരം സംബന്ധിച്ചു് എന്തെങ്കിലും ചെയ്വാൻ കഴിയാത്തവരായി യാതൊരുത്തരുമില്ല. എല്ലാവർക്കും ചെയ്യുവാൻ സാധിക്കുന്നതും എല്ലാവരും ചെയ്യേണ്ടതുമായ ഒന്നു പ്രാർത്ഥനയാകുന്നു. തന്നെത്താൻസ്നേഹിക്കുന്നതുപോലെ മറ്റെല്ലാവരേയും സ്നേഹിക്കയെന്ന പ്രമാണം അനുസരിക്കേണ്ടവർ അവരവരുടെ അയൽവാസികളുടേയും സ്വദേശികളുടേയും നന്മയ്ക്കുവേണ്ടി പ്രാർത്ഥിക്കാതിരിക്കുമോ? പ്രാർത്ഥനകൊണ്ടു നമുക്കു ഊഹിക്കാൻകൂടി പാടില്ലാത്ത ഫലങ്ങളാണു സിദ്ധിക്കുന്നതു്. ത്രൈയ്യാപുണ്യവതി മഠത്തിലിരുന്നുകൊണ്ടുള്ള അവരുടെ പ്രാർത്ഥനവഴി, ശൗര്യാർപുണ്യവാൻ സ്വപ്രയത്നംകൊണ്ടു സാധിച്ചിടത്തോളം മാനസാന്തരം വരുത്തിയിട്ടുണ്ടല്ലോ. പ്രാർത്ഥനയുടെ ആവശ്യകതയെയഥാർഹം ഗ്രഹിക്കുന്നതുകൊണ്ടല്ലയോ കരോലിക്കാത്തിരുസ്സഭ സന്ന്യാസസമൂഹങ്ങളും സന്ന്യാസിനീസഭകളും സ്ഥാപിക്കുന്നതിനു എപ്പോഴും ഉത്സുകയായിരിക്കുന്നതു്? എല്ലാവർക്കും ചെയ്യാവുന്നതു, എല്ലാവരും ചെയ്യേണ്ടതുമായ പ്രാർത്ഥനയെപ്പറ്റിച്ചു് ഇത്രയും പറഞ്ഞുകൊണ്ടു് വേറൊരു മാർഗ്ഗത്തേക്കുറിച്ചു പ്രസ്താവിക്കാം.

ഇതും 'മദ്ധ്യസ്ഥൻ' വായനക്കാർക്കു് അജ്ഞാതമായ ഒന്നല്ലെന്നു, കഴിഞ്ഞലക്കത്തിൽ മംഗലാപുരത്തിരുന്നുകൊണ്ടു ഉജ്ജ്വലനായ ബി. വേദ

പ്രചാരസെക്രട്ടറിയുടെ ലേഖനത്തിൽനിന്നു പ്രത്യേകിച്ചും ധരിക്കാനിട യായി. ഇതു ധനസഹായമാഗ്രഹമല്ലാതെ വേറൊന്നല്ല. കത്തോലിക്കാ മതത്തിൽ ഇപ്പോൾ സ്ഥിതിചെയ്യുന്നവരിലും നവമായിച്ചേരുന്നവരിലും പലർ നിർദ്ധനരാണല്ലോ. ചിലർക്കു നിത്യവൃത്തിക്കുപോലും വകയില്ലാത്തതുകൊണ്ടും, ചിലർക്കു തിരുസ്സഭയുടെ നിയമങ്ങളം അനുസരിച്ചു ജീവിക്കുന്നതിനു നല്ലയാഗ്രഹമുണ്ടെങ്കിലും പള്ളിയിൽപോകുന്നതിനു മുണ്ടും തുണിയും ഇല്ലാത്തതുകൊണ്ടും മറ്റും വളരെ വളരെ കഷ്ടപ്പെടുന്നുണ്ട്. ആത്മീയമായ സഹായങ്ങളം ചെയ്തുകൊടുക്കയല്ലാതെ ഭൌതികമായ ആവശ്യങ്ങളം സാധിച്ചുകൊടുക്കയല്ല തിരുസ്സഭയുടെ പ്രഥമവും പ്രധാനവുമായ ധർമ്മമെന്നിരുന്നാലും കഴിയുന്നവിധത്തിൽ ദീനദയാലുത്വം പ്രദർശിപ്പിക്കയെന്നതും ഒരു കടമപോലെ ഗണിച്ചിരിക്കയാണ്. ഇക്കാര്യത്തിലേക്കു ദൃഷ്ടിപതിക്കുമ്പോൾ സഭയ്ക്ക് എത്രയോവലിയ ഒരു സംഖ്യ ആവശ്യമുണ്ട്? നമ്മുടെ ആളുകളിൽ ഭൂരിപക്ഷവും ദാനം ചെയ്യുന്നതിൽ വിമുഖന്മാരല്ലെന്നുള്ളതു വാസ്തവംതന്നെ. അവർ പലരേയും പലേടത്തു പലവിധത്തിലും സഹായിക്കുന്നുണ്ട്. എന്നാൽ, നമ്മുടെ രൂപതകളുടെ പരിപാലകന്മാരായ വന്ദ്യതിരുമേനിമാരുടെ നേതൃത്വത്തിലുള്ള വ്യവസ്ഥാപിതസംഘങ്ങളംക്കു നല്ലധനപുഷ്ടിയുണ്ടെങ്കിൽ മാത്രമേ മഹാകാര്യങ്ങളം നടപ്പിൽ വരുകയുള്ളുവെന്നും നാം സ്മരിച്ചിരിക്കേണ്ടതാണ്. അനാഥശാലകളം, വൃദ്ധമന്ദിരങ്ങളം, ആശുപത്രികളം മുതലായവ സ്ഥാപിക്കയും നടത്തിക്കൊണ്ടുപോകയും ചെയ്യുന്നതിനു തന്നെ എത്രമാത്രം പണമാണ് ആവശ്യപ്പെടുന്നതെന്ന് ഒന്ന് ഊഹിച്ചുനോക്കുക. വിദ്യാഭ്യാസ സ്ഥാപനങ്ങളം വർദ്ധിപ്പിക്കയും അവയെ ഉത്തമരീതിയിൽ നടത്തിക്കൊണ്ടുപോകയും ചെയ്യുന്നതിനാവശ്യപ്പെടുന്ന തുക എത്രമാത്രം? ഇങ്ങനെയുള്ള നല്ലകാര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നോറം പ്രവർത്തിക്കാനുള്ള ആഗ്രഹവും വർദ്ധിക്കാതിരിക്കയില്ലെന്നു പറഞ്ഞുകൊണ്ടു മൂന്നാമത്തെ മാർഗ്ഗത്തെക്കുറിച്ചു സ്വല്പം പറഞ്ഞുകൊള്ളട്ടെ.

തിരുവിതാംകൂറിലേ അൻപത്തൊന്നുലക്ഷത്തോളം വരുന്ന വമ്പിച്ച ജനസമൂഹത്തിൽ സത്യമതാവലംബികളുടെ സംഖ്യ ഒൻപതുലക്ഷത്തോളമേയുള്ളു. ഈ സംഖ്യയ്ക്കു പുറമേയുള്ളവരിൽ പലരും സത്യമതത്തെക്കുറിച്ചു കേട്ടിട്ടുപോലുമില്ലായിരിക്കാം. അവരിലും ഈ അറിവു വരുത്തേണ്ടിയിരിക്കുന്നു. അറിയാത്തതിനെക്കുറിച്ചു ആഗ്രഹമില്ല. ആഗ്രഹിക്കാത്തതിനെ അന്വേഷിക്കുന്നുമില്ല. അതുകയാൽ എല്ലാവരിലും സത്യബോധം ഉദിപ്പിക്കേണ്ട മുതല എല്ലാവർക്കും പ്രത്യേകിച്ചു വിദ്വാന്മാർക്കു മുണ്ടായിരിക്കുന്നു. അതു സംഭാഷണം, പ്രസംഗം, പുസ്തകങ്ങളം, പത്രമാസികകളം മുതലായവകൊണ്ടു സാധിക്കേണ്ടതാണ്. വെളിച്ചം പ്രകാശവും ചൂടം കൊടുക്കുന്നതിനുവേണ്ടിയാണല്ലോ. ഇങ്ങനെത്തന്നെ ജ്ഞാനികൾക്കു സിദ്ധമായിരിക്കുന്നവിജ്ഞാനവെളിച്ചം ഉപയോഗശൂന്യമാക്കിത്തീർക്കാതിരിക്കേണ്ടതിന്റെ ആവശ്യകതയും സ്പഷ്ടമാകുന്നു.

വലിയകായ്ങ്ങളും ഒന്നും ചെയ്തില്ലെങ്കിലും നല്ലവാക്കെങ്കിലും പറയുവാൻ പാടില്ലാത്തവർ ആരാണുള്ളതു്? ദൈവം ഏകനായിരിക്കുന്നതുകൊണ്ടു മതവും ഏകമായിരിക്കുമാതെ നിവൃത്തിയില്ലെന്നുള്ള യുക്തി ചിന്താശീലന്മാരുടെ ബോധത്തിൽ കടത്തിവിടുവാനിടയാക്കിയിട്ടുള്ളതാണു ക്രൈസ്തവവിദ്യാലയങ്ങളുംമൂലം ഇൻഡ്യയിലാകപ്പാടെ ഉണ്ടായിട്ടുള്ള ഒരു പരിണതഫലം. ആ മതം ഏതായിരിക്കുമെന്നു ശരിയായപരിശോധന നടത്തുന്നവർ ക്രിസ്തുമതത്തിലാകുന്നു മെന്നുമേകരുന്നതു്. ഇപ്പോൾ തിരുവിതാംകൂറിൽ പ്രത്യേകിച്ചും ഇൻഡ്യായിൽ പൊതുവേയും ഇങ്ങനെയൊരു സംരംഭം അത്ഭുതപൂർവമായി നടന്നുകൊണ്ടിരിക്കയാണല്ലോ. എന്നാൽ ക്രിസ്തുമതത്തിലെത്തുമ്പോൾ അന്വേഷകന്മാരെ ഒരു വലിയ പ്രതിബന്ധം നിരോധിക്കുന്നുണ്ടു്. എന്തെന്നാൽ, ക്രിസ്തു ഒരാൾ മാത്രമേയുണ്ടായിരുന്നുള്ളു.; ക്രിസ്തുവിന്റെ സഭകളോ എണ്ണത്തിൽ വളരെ പ്രത്യക്ഷപ്പെട്ടിരുന്നു. ഇവയിൽ ക്രിസ്തുനാഥൻ നേരിട്ടുസ്ഥാപിച്ച സഭയേതെന്നായാണു് അവിടുത്തെ പ്രിയശിഷ്യനായ നമ്മുടെ പിതാവു് മാർത്തോമ്മാശ്ലീഹാ ഇവിടെ പ്രചരിപ്പിച്ചതെന്നും, അന്നുമുതൽ ഇന്നുവരെ അനന്യസ്യമായി നിലനിന്നു് ഇപ്പോൾ കേരളമെങ്ങും വ്യാപിച്ചു്, വാശികൊണ്ടും വഴക്കുകൊണ്ടും ഉരുവിച്ചവയും ഇന്നാലെയും മിനിയാന്നുമായി വിദേശങ്ങളിൽനിന്നും ഇറക്കുമതിചെയ്യപ്പെട്ടവയുമായ മറവു ക്രൈസ്തവവിഭാഗങ്ങളെയെല്ലാം അതിശയിച്ചുവിളങ്ങുന്ന കത്തോലിക്കാസഭയാണു സത്യസഭയെന്നും അന്വേഷകന്മാക്കു സംഭാഷണംകൊണ്ടു ധരിപ്പിച്ചുകൊടുപ്പാൻ എല്ലാവക്കും സാധിക്കും. ശേഷമുള്ള പോംവഴികളായ പ്രസംഗങ്ങളുംനടത്തുക, ഗ്രന്ഥങ്ങളും രചിക്കുക, പത്രമാസികകളും നടത്തുക മുതലായവ വിദ്വാന്മാരുടെ പരിധിയിൽ മാത്രമെത്തുന്നവയാണു്. എന്നാൽ ഗ്രന്ഥങ്ങളും രചിക്കയും അടിപ്പിക്കയും ചെയ്യുന്നവരേയും പത്രമാസികകളും നടത്തുന്നവരേയും പ്രോത്സാഹിപ്പിക്കയെന്നുള്ളതു് എല്ലാവർക്കും ചെയ്യാവുന്ന ഒരു സൽകൃത്യമാണെന്നു 'മദ്ധ്യസ്ഥൻ' വായനക്കാരെങ്കിലും ധരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. പ്രതിവർഷം ഏതാനും പേരിയ പുസ്തകങ്ങളെങ്കിലും വാങ്ങിക്കാമെന്നു് ഒരു പ്രതിജ്ഞ ഓരോരുത്തനും ചെയ്തുകഴിഞ്ഞാൽ ആ കൃത്യവും സാധിച്ചുകഴിഞ്ഞു. ഇങ്ങനെ ഓരോ പേരിയ സംഖ്യ അതിനുതക്കപ്രതിഫലമായ ഒരു നല്ല പുസ്തകത്തിനു വേണ്ടി നാം മുടക്കിയാൽ അതുകൊണ്ടു ലഭിക്കാവുന്ന ജ്ഞാനം പലപ്പോഴും വിലമതിക്കാൻ പാടില്ലാത്തതും അതുകൊണ്ടു സമ്പാദിക്കാവുന്ന ഫലം ദൈവത്തോടും എത്തുന്നതുമായിരിക്കും. ക്രിസ്തുമതാന്വേഷകന്മാരുടെ സംഖ്യ വർദ്ധിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ ചെയ്യേണ്ടവയെല്ലാം ഞാനിപ്പോൾ സംക്ഷിപ്തമായി പ്രസ്താവിച്ചുകഴിഞ്ഞു. ആകയാൽ അവയെല്ലാമാണു് നാമിപ്പോൾ ചെയ്യേണ്ടതു്.

"വാതിൽ തുറക്കുക"

ഫാ. സി. ഠഠി.

"നിങ്ങളെപ്രതി പൂൽത്തൊഴുത്തിലും, കുരിശുമരത്തിലും, വി. കുർബാനയിലും എന്നെത്തന്നെ അത്യധികം താഴ്ത്തുവാൻ തക്കതിന്മണ്ണം ഞാൻ നിങ്ങളെ സ്നേഹിച്ചു. എന്റെ സ്നേഹത്തിനു നിങ്ങൾക്കു യാതൊരർഹതയുമില്ലായിരുന്നിട്ടും, എന്നല്ല, ആയിരം പ്രാവശ്യം നിങ്ങൾ എന്റെ സ്നേഹത്തിനു് അയോഗ്യരായിത്തീർന്നിട്ടുപോലും ഞാൻ നിങ്ങളെ സ്നേഹിച്ചു.

"വിശേഷവിധിയായ ഒരു സ്നേഹത്താലാണു് ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതു്. എന്റെ പരമപിതാവിനെയും, സ്വർഗ്ഗീയാനന്ദത്തെയും, വാനാത്രുപിവൃന്ദത്തെയും ഞാൻ വെടിഞ്ഞതു നിങ്ങൾക്കുവേണ്ടിയല്ലയോ? എന്റെ വഴിതെറ്റിപ്പോയ മക്കളായ നിങ്ങൾക്കുവേണ്ടിത്തന്നെയല്ലയോ സകല ഭൗമികസമ്പത്തുകളേയും പരിത്യജിച്ചു കേവലം നഗ്നനായി ഞാൻ ഒരു കാലിത്തൊഴുത്തിൽ ജാതനായതു്? എന്റെ സ്വന്തം ജീവനേക്കാൾ കൂടുതലായി ഞാൻ നിങ്ങളെ സ്നേഹിച്ചു; എന്തുകൊണ്ടെന്നാൽ നിങ്ങൾക്കു നിത്യജീവൻ ലഭിക്കുന്നതിനുവേണ്ടി ഞാൻ നന്മനസ്സോടെ സ്വയംബലികഴിച്ചു. സ്വജീവൻ നൽകുന്നവൻ തനിക്കുള്ളതുമുഴുവൻ നൽകുന്നു. ഇതാണു് സ്നേഹത്തിന്റെ ഉത്തമലക്ഷണം. അനന്ത നീതിയുടെ ശിക്ഷയ്ക്കു നിങ്ങൾ വിധേയരായിരുന്നപ്പോൾ കാരുണ്യക്കാരായ നിങ്ങളുടെയും നീതിസ്വരൂപനായ നിത്യപിതാവിന്റെയും മദ്ധ്യേ ഞാൻനിന്നു. നിങ്ങളുടെ നേരെയുള്ള സ്നേഹത്താൽ ഞാൻ മരണത്തെ സ്വയംവരിച്ചു!

"എന്റെ മഹത്വത്തേക്കാൾ കൂടുതലായി ഞാൻനിങ്ങളെ സ്നേഹിച്ചു. നോക്കുക, ഞാൻ—ഒരു ദൈവം—നിന്ദകളാൽ മൂടപ്പെട്ടിരുന്നതും, ഭ്രാന്തനെപ്പോലെ വസ്ത്രം ധരിപ്പിക്കപ്പെട്ടിരുന്നതും, ഒരു പുഴുവിനെപ്പോലും അവഗണിക്കപ്പെട്ടിരുന്നതും മറവുട്ടി മെതിക്കപ്പെട്ടിരുന്നതും കാണുക! എന്റെ സ്വന്തം സ്തുതിയേക്കാൾ അധികം ഞാൻ നിങ്ങളെ സ്നേഹിച്ചു. എന്റെ മഹത്വം കാൽവരിയിൽവെച്ചു മരണമവനികയാൽ മറയ്ക്കപ്പെട്ടുകയും അന്നുമുതൽ ഈ ഇരുപതു ശതവർഷത്തേയ്ക്കു വി. കുർബാനയിൽ ഗോപനംചെയ്യപ്പെട്ടുകയുംചെയ്തു. അകാശങ്ങൾക്കു വഹിക്കുവാൻ സാധിക്കാത്ത ദൈവം ഓരോ കുഗ്രാമത്തിന്റെയും മൂലയിൽ സ്ഥിതിചെയ്യുന്ന പള്ളികളിലെ വിനീതമായ സക്രാരിയിൽ വസിക്കുന്നതെങ്ങനെ" ആരു് ഊഹിക്കും!

"അപരിമിതവും അനന്തവുമായ സ്നേഹത്താൽ ഞാൻ നിങ്ങളെ സ്നേഹിച്ചു! ഇപ്പോഴും ഞാൻ സ്നേഹിക്കുന്നു. എന്റെ പ്രിയകുഞ്ഞുങ്ങളേ, നി

ങ്ങളെ എന്നോടു പ്രതിസ്നേഹം പ്രദർശിപ്പിക്കുന്നുണ്ടോ? നിങ്ങളല്ല ആദ്യം സ്നേഹിച്ചതു്, ഞാനാണു്. ആദിമുതൽ നിത്യമായ സ്നേഹത്താൽ ഞാൻ നിങ്ങളെ സ്നേഹിച്ചു. ആദ്യം ഞാനാണു് എന്റെ ഹൃദയത്തെ നിങ്ങൾക്കു തന്നതു്. നിങ്ങളുടെ ഹൃദയങ്ങളിൽ സർവ്വപ്രധാനമായ സ്ഥാനം എനിക്കുണ്ടോ? സൃഷ്ടവസ്തുക്കളോടും ലൗകികസുഖസന്തോഷങ്ങളോടും ഉള്ളതിനേക്കാൾ ഉപരിയായ സ്നേഹം നിങ്ങൾക്കു് എന്നോടുണ്ടോ? "ഇതാ ഞാൻ വാതിൽക്കൽനിന്നു മുട്ടുന്നു" (വെളി. iii, 20.) ഞാൻ ക്ഷമയോടുകൂടി കാത്തുനില്ക്കുന്നു; വീണ്ടും വീണ്ടും മുട്ടിവിളിക്കുന്നു. എന്നാൽ പലപ്പോഴും എനിയ്ക്കു ലഭിക്കുന്ന മറുപടി നിരാശാജനകമാണു്. "കർത്താവേ, ഒരു നിമിഷംകൂടി ക്ഷമിക്കണം; ഇപ്പോൾ ഞാൻ എന്റെ ഭാവികാര്യങ്ങളെപ്പറ്റിയുള്ള ചിന്തയിൽ വ്യാപൃതനായിരിക്കയാണു്; എന്റെ ധനസ്ഥിതി, എന്റെ ഉദ്യോഗം——അങ്ങു് അല്പംക്ഷമിച്ചാൽ മതി' എന്നു് ഒരുവൻ പറയുന്നു. സമയം അതിശീഘ്രം കടന്നുപോകുന്നു. വിജയങ്ങളും പരാജയങ്ങളും നിഷ്ഫലങ്ങളുമായ സുഖദുഃഖങ്ങളും അവനനുഭവപ്പെടുന്നു. കുറെകഴിയുമ്പോൾ ഞാൻ തിരിച്ചുവന്നു് അത്യുത്സാഹത്തിൽ അവനെ വിളിക്കുമായി. 'എന്നെ അകത്തു പ്രവേശിപ്പിക്കുക; വാതിൽ തുറക്കുക. ഞാൻ സ്നേഹവും സമാധാനവും ആകുന്നു' 'അതെ കർത്താവേ..... എങ്കിലും അല്പംകൂടി കഴിയണം. എന്റെ ഉൽകർഷത്തെപ്പറ്റി ഞാൻ എപ്പോഴും ചിന്താകുലനായിരിക്കുന്നുവെന്നു് അങ്ങു കാണുന്നില്ലയോ? എന്റെ ആദർശങ്ങളും അഭിലാഷങ്ങളും സാധിതപ്രായങ്ങളായിരിക്കുന്നു. ഇപ്പോൾ ഒരുനിമിഷംപോലും വൃഥാ കളയുവാൻ പാടില്ല. ഓരോ വിനാഴികയും വിലതീരാത്തതാണു്. അങ്ങു വേറൊരുദിവസം വരിക.....' എന്നാണു് അവന്റെ സമാധാനം. ആ ആത്മാവിന്റെ സ്നേഹത്തിനായി ദാഹിച്ചുകൊണ്ടു ഞാൻ തിരിച്ചുവരുന്നു. നിസ്സഹായനായ ഭിക്ഷുവിനെപ്പോലെ രക്തദാഹികളായ കരങ്ങളും ഞാൻ നീട്ടുന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഫലമെന്തു്?

"ഉത്തരക്ഷണത്തിൽ ആ ആത്മാവിൽ വിവിധങ്ങളായ ഉൽകണ്ഠകളും വൈഷമ്യങ്ങളും, മനോവേദനകളും ക്രമരഹിതമായ അഭിലാഷങ്ങളും സ്ഥലംപിടിക്കുന്നു. അവ അതിനെ സമാധാനരഹിതവും ദുഃഖാർത്തവുമാക്കിച്ചമയ്ക്കുന്നു. അപ്പോൾ ഞാൻ വിചാരിക്കും:— 'സമാധാനവും, ആനന്ദവും, സ്നേഹവും ഞാൻമാത്രമാണെന്നു്' ആ ആത്മാവിനെ ഗ്രഹിപ്പിക്കുവാൻ ഒരുപദേശം ഈ കൈപ്പുനിറഞ്ഞ കാലാപര്യവസാനമായിരുന്നിരിക്കണം.' ഞാൻ ആ ഹൃദയകവാടത്തുങ്കൽ ഉടനെതന്നെ എത്തിക്കഴിയും. ഞാൻ മുട്ടുന്നു. ഉത്തരമില്ല. ഞാൻ വീണ്ടും വീണ്ടും മുട്ടുന്നു. 'എന്നെ

ക്കു വാതിൽ തുറന്നുതരിക. ഭയപ്പെടേണ്ടാ ഇതു ഞാൻതന്നെയാണു്. ഞാൻ ആശ്വാസപ്രദനത്രെ. അന്ധകാരത്തിന്റെദിവസങ്ങളിൽ നിനക്കു തുണയായിനിൽക്കുന്ന ഏക യഥാർത്ഥസ്നേഹിതൻ ഞാനാകുന്നു. ഒരിക്കലും നിന്നെ ഞാൻ വിസ്മരിക്കുകയില്ല. എന്നെ അവഗണിക്കുന്നവരേപ്പോലും ഞാൻ അകറ്റിനിറുത്തുകയില്ല. മകനെ, എനിക്കുതുറന്നുതരിക. ഞാൻ കാരുണ്യനിധിയാണു്"....ആ ഹൃദയകവാടം പക്ഷേ തുറക്കുന്നു. ഇതുമാത്രമല്ല പലതും ഒഴിവുകഴിവുകളും എന്നോടു പറയുന്നു. പക്ഷേ തുറന്നതുകൊണ്ടു് എന്തു പ്രയോജനം...അവൻ എന്നോടു പറകയാണു്: 'കർത്താവേ, അങ്ങുവീണ്ടും വരികയില്ലേ? പലരാത്രി ഉറക്കമൊഴിഞ്ഞു ജോലിചെയ്തുയാലും മറ്റുഞാൻ നിദ്രാധീനനായിപ്പോകുന്നു. (കഷ്ടം! ഒരു പക്ഷേ നിത്യനിദ്രയായിരിക്കും.).....വേറൊരവസരത്തിൽ .....ഇനി ഒരു ദിവസം.....ഇപ്പോൾ അസാധ്യമാണു്".....ഹാ! പിന്നീടുഞാൻ വരുമ്പോൾ അവൻ വേഗം വാതിൽ തുറക്കുന്നു. പക്ഷേ മരണം എന്നേക്കാൾ മുമ്പു് അകത്തു പ്രവേശിച്ചുകഴിഞ്ഞിരിക്കും."

From Rev. Fr Mateo.

വി. പെറപുഷ്പവും പൌരോഹിത്യവും.

(മിസ്സ് തെരേസ്യാ ജെ. നടയ്ക്കൽ)

ലിസ്യുവിലെ തെരേസ്യാ ക്രിസ്ത്യാനികൾക്കു മാത്രമല്ല ക്രിസ്തേതരന്മാർക്കുപോലും സുപരിചിതയായിത്തീർന്നിരിക്കുന്നുവെന്നു പറയുന്നതിൽ യാതൊരു അതിശോക്തിയുമില്ല. പലവീക്ഷണകോണത്തിൽ നിന്നും ലിസ്യുവിലെ പെറപുഷ്പത്തെ പലമഹാന്മാരും അവലോകനം ചെയ്യുകയും വളരെയൊക്കെ പ്രസ്താവിക്കയും ചെയ്തിട്ടുണ്ടു്. എങ്കിലും ആ വിശുദ്ധയുടെ സ്വഭാവ വൈശിഷ്ട്യത്തെ ഇന്നിയും വളരെ അധികം മനസ്സിലാക്കാനുണ്ടെന്നാണു് എന്റെ ബോധം. വാനാരുപികളിൽനിന്നുപോലും അവളുടെ സ്വഭാവത്തെപ്പറ്റി പല ഗ്രന്ഥകാരന്മാർ മനസ്സിലാക്കിയിട്ടുണ്ടെന്നു് അവരുടെ എഴുത്തുകൾതന്നെ സാക്ഷ്യം വഹിക്കുന്നുണ്ടു്. മഹനീയമായ പൌരോഹിത്യത്തോടു അവൾക്കു എത്രമാത്രം മതിപ്പും സ്നേഹവുമുണ്ടെന്നു് ഗ്രഹിക്കുന്നതിനു് നിങ്ങൾ ഇനിയും തുനിഞ്ഞിട്ടുണ്ടോ! ഒരു പക്ഷെ "അവളുടെ ജീവചരിത്രം" വായിക്കുന്ന ഏവർക്കും ഇതുവിഷയത്തെക്കുറിച്ചു് പലപ്പോഴും അവൾ സ്തുതിച്ചെഴുതിയിരിക്കുന്നതു് കാണ്മാൻ കഴിയും. അവർ പൌരോഹിത്യത്തെ എത്രമാത്രം ആദരിച്ചിരുന്നുവെന്നു് അവളുടെ ജീവചരിത്രവശങ്ങൾ മറി

ച്ചുനോക്കുന്നവക്കെല്ലാം നിഷ്പ്രയാസം മനസ്സിലാക്കാൻ സാധിക്കും. അവളുടെ ജീവചരിത്രത്തെ ഒന്നു വീക്ഷിക്കുന്നതു് ഇത്തരുണത്തിൽ അസ്ഥാനത്താകയില്ലെന്നാണു് എന്റെ വിശ്വാസം.

അവളുടെ പിതാവായ മാർട്ടിൻ വിവാഹബന്ധത്തിൽ പ്രവേശിക്കുന്നതിനു വളരെക്കാലം മുൻപു് ഒരു പുരോഹിതനാകുവാൻ അത്യധികം ആശിച്ചു. തന്റെ ഇരുപതാമത്തെ വയസ്സിൽ അദ്ദേഹം ആൽപ്സ് പർവ്വതത്തിൽ സ്ഥിതിചെയ്തിരുന്ന വിശുദ്ധ ബെർണ്ണാർദിന്റെ ആശ്രമത്തിൽ ചെന്നുചേർന്നു. പക്ഷെ അദ്ദേഹത്തിന്റെ പഠനം പൂർത്തിയാകുന്നതിനു മുമ്പുതന്നെ വീട്ടിലേക്കു തിരിച്ചുപോരുന്നതിനു നിർബന്ധിതനായി. മറ്റു ചിലകാര്യങ്ങളും നിവ്വഹിക്കുന്നതിലേയ്ക്കാണെ"അയാളെ വിളിച്ചിരിക്കുന്നതു് എന്നുള്ളവസ്തുത അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ മുഖാന്തരമൊരുദൈവം അദ്ദേഹത്തെ അറിയിക്കയും തൽക്ഷണം ദൈവതിരുമനസ്സിനെ അദ്ദേഹം അനുസരിക്കയും ചെയ്തു.

ഈ സംഭവം നടന്ന കാലത്തുതന്നെ "സെലിഗോറിൻ"വിൻസെൻറ്ഡിപോളിന്റെ ആശ്രമത്തെ അഭയം പ്രാപിച്ചു. എങ്കിലും താമസംവിനാ അവളും ആ സ്ഥലം വിടേണ്ടതായി വന്നുകൂടി. എന്തിനു് അധികം പറയുന്നു. ദൈവഹിതം മറിച്ചായിരുന്നു.

കുറേക്കൊല്ലങ്ങൾക്കുശേഷം ഇവരും മാർട്ടിന്റെ പത്നിയായിത്തീർന്നു. പ്രത്യേകവിധത്തിൽ ദൈവത്തിനു് സമർപ്പിക്കുന്നതിനു് ധാരാളം സന്താനങ്ങളെപ്രദാനംചെയ്യുന്നതിനായി അവരും ദൈവത്തോടു നിരന്തരംപ്രാർത്ഥിച്ചു. ഏതൽഫലമായി ഒൻപതു സന്താനതല്പജങ്ങളെ ദൈവം അവർക്കു പ്രദാനം ചെയ്തു. ഇവരിൽ നാലുപേർ ശൈശവത്തിൽത്തന്നെ സ്വർഗ്ഗീയനാഥന്റെപക്കലേക്കു പറന്നുപോയി. പുരോഹിതനാകുന്നതിനു് ഒരു സന്താനത്തെ ലഭിക്കണമെന്നു് അവർ അതിയായി ആഗ്രഹിച്ചു. കാലാന്തരത്തിൽ രണ്ടുപുത്രന്മാരെ ദൈവം അവർക്കു പ്രദാനം ചെയ്തു. പക്ഷെ ഈ കുസുമയുഗ്മം വിടർന്നു് പരിലസിക്കുന്നതിനു മുൻപുതന്നെ തദധിപൻ അവയെ തനിക്കായി പറിച്ചെടുക്കുകയാണു ചെയ്തതു്. അവർക്കു പൌരോഹിത്യത്തിലുണ്ടായിരുന്ന അഭിവാഞ്ഛയും സ്നേഹവും വർദ്ധിച്ചുതന്നെ വന്നു. ആകയാൽ അയതിലേയ്ക്കു് നിയോഗിക്കുന്നതിനു ഒരു പുത്രനെ ലഭിക്കുന്നതിനായി വീണ്ടുംജഗദീശ്വരനോടു തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിച്ചിരുന്നു. തൽഫലമായി ജാതയായ കുഞ്ഞാണു് നമുക്കുവേണ്ടി സുപരിചിതയായിത്തീർന്നിരിക്കുന്ന മൊറപുഷ്യം.

വി. കുർബാനയോടു തീവ്രമായ ഭക്തിയും വൈദികരോടു ബഹുമാനവും മൊറപ്പുമുതൽ ഈ പ്രൈതലിൽ ഉളവാക്കുന്നതിനു് മാതാപിതാക്ക

ന്മാർ ശ്രമിച്ചു. "വാഴ്ത്തപ്പെട്ട അപ്പം" "ഇത്ര വെറിയ അപ്പക്കഷണങ്ങളിൽ ഈശോയുടെ സാന്നിധ്യം" എന്നിവയെപ്പറ്റി കൊച്ചുത്രേസ്യാ തന്റെ സഹോദരി സെലിനോട് നടത്തിയ സംഭാഷണം ഏവർക്കും സുപരിചിതമാണല്ലൊ. വിശുദ്ധ ബലിയെക്കുറിച്ച് അവർക്കുണ്ടായിരുന്ന യഥാർത്ഥജ്ഞാനവും അതിനെ സംബന്ധിച്ചവയോടുള്ള താല്പര്യവും മേൽപ്പറഞ്ഞ സംഗതികൾ രണ്ടും പ്രസ്പഷ്ടമാക്കുന്നു. വൈദികരുടെ നേർക്കുള്ള സ്നേഹവും ബഹുമാനവും എത്രമാത്രം അവളുടെ ഹൃദയത്തിൽ വിളങ്ങിയിരുന്നുവെന്നു ഈ പൈതലിന്റെ ബാല്യകാലത്തെ ഒരു സംഭവം വിളിച്ചുപറയുന്നു. ആദ്യകുമ്പസാരത്തിനായി സഹോദരി സെലിൻ ഇവളെ യഥാവിധി തയ്യാറാക്കി. കുമ്പസാരവേളയിൽ ആ വൈദികനെ അത്യധികം സ്നേഹിക്കുന്നുവെന്നുള്ള വസ്തുത അദ്ദേഹത്തെ ധരിപ്പിക്കണമോ എന്നു അവൾ വിചാരിച്ചുപോയ്. അദ്ദേഹം സാക്ഷാൽ മിശിഹായുടെ പ്രതിനിധിയാണെന്നുള്ള വിശ്വാസം മൂലമായിരുന്നു. ആ പുണ്യാത്മാവിന്റെ അധരങ്ങളിൽ നിന്നും നിർഗ്ഗമിച്ച ഓരോവാക്കും അവളുടെ ഹൃദയത്തിൽ ഗാഢമായിപ്പതിഞ്ഞു.

അവളുടെ ബാല്യകാലം ഇങ്ങനെയുള്ള ഒരന്തരീക്ഷത്തിൽ കഴിച്ചുകൂട്ടി. ചിലർ പൌരോഹിത്യത്തിന്റെ മാഹാത്മ്യത്തെ വകവയ്ക്കാതെ ജീവിതം നയിക്കുന്നുണ്ടെന്നു് അവൾ മനസ്സിലാക്കി. റോമിലേക്കുള്ള അവളുടെ തീർത്ഥയാത്രാവസരത്തിലാണു് ഈ കാര്യം ആദ്യമായി അവളുടെ ശ്രദ്ധയ്ക്കു് വിഷയീഭവിച്ചതു്. ആ യാത്രയിൽ എന്തുസംഭവിച്ചുവെന്നുള്ളതു് അൽപ്പം അറിയുവാൻ പാടില്ലെങ്കിലും കർമ്മലീത്താ സഭയെ നവീകരിക്കണമെന്നുള്ള ബോധം ഏതോസംഗതിവശാൽ അവർക്കുണ്ടായി. ഇറാലിയിൽ താമസിച്ചിരുന്നപ്പോൾ കുറേ ക്ഷേത്രായ വൈദികരുമായി പരിചയപ്പെടുന്നതിനുള്ള അവസരം അവർക്കു ലഭിച്ചു. മാലാഖാമാരേക്കാൾ ഉയർന്ന പദവിയിൽ ഈ മഹനീയസ്ഥാനം അവരെ എത്തിച്ചിരുന്നുവെങ്കിലും, അവരിലും മനുഷ്യസഹജമായ ബലഹീനതകൾ ഉണ്ടെന്നു് ഈ പൈതലാകിയതു് മനസ്സിലായി. വൈദികർ പരിപാവനാത്മാക്കളാണെന്നും, വിശ്വാസികളുടെ പ്രാർത്ഥന അവർക്കു ആവശ്യമില്ലെന്നും ഇതുവരെ ധരിച്ചിരുന്ന കൊച്ചു ത്രേസ്യാ ഭൂമിയിലെ ലവണത്തിനും അതിന്റെ രസംപുറപ്പെടുവിക്കുന്നതിനു് സഹായം ആവശ്യമാണെന്നു് ഈയവസരത്തിൽ മനസ്സിലാക്കി. അവിടെവച്ചുതന്നെയാണു സന്യാസാന്തസ്സിലേക്കുള്ള ദൈവവിളിയും അതിന്റെ മഹാത്മ്യവും അവൾ ഗ്രഹിച്ചതു്. ഈ അവസ്ഥയിലേക്കുള്ള പ്രവേശനാവസരത്തിൽ പ്രദർശിപ്പിച്ച തീക്ഷ്ണതയും ക്രിസ്തുവിന്റെ പ്രതിനിധികൾക്കുവേണ്ടിയുള്ള ശക്തിപൂർവ്വമായ പ്രാർത്ഥനയും കഷ്ടതകളുമായിരുന്നു അവളുടെ കർമ്മലാരാമത്തിലേ ജീവിത

ച്ചുരുക്കം. തന്റെ പുതിയ ജീവിതം പുരോഹിതന്മാക്കുവേണ്ടി വിനിയോഗിക്കുന്നതാണെന്ന ഈ പൊറപുഷ്ടം തീർച്ചപ്പെടുത്തി.

ആത്മാക്കളെ രക്ഷിക്കുന്നതിനും പ്രത്യേകിച്ച് വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുമായിട്ടാണ താൻ കർമ്മലസഭയിൽ പ്രവേശിച്ചതെന്ന അവർ സന്ന്യാസവ്രതങ്ങളും വാഗ്ദാനം ചെയ്യുന്നതിനു മുൻപുള്ള പരീക്ഷാവസരത്തിൽ പ്രസ്താവിക്കയുണ്ടായി. ഈ വിചാരം എല്ലായ്പോഴും അവളുടെ മുമ്പിൽ സ്ഥിതി ചെയ്തിരുന്നു. അസാധാരണ രീതിയിലായിരുന്ന അവളുടെ ജീവിതം; എന്തുകൊണ്ടെന്നാൽ അവൾ ഒരു "കുറുക്കുവഴി" തിരഞ്ഞെടുക്കുകയും, അതുവഴി അനേകം ശുശ്രൂഷകരെ സഹായിക്കാൻ ശ്രമിക്കയും ചെയ്തു.

ഒരു സഹോദരവൈദികൻ ഉണ്ടാകുന്നതിലായിരുന്ന അവളുടെ ഏറ്റവും വലിയസന്തോഷം. തന്നെയും തന്റെ അനുഗാമികളുടെയും നിത്യരക്ഷയ്ക്കുവേണ്ടി സ്വയം ബലികഴിക്കുവാൻ സന്നദ്ധതയുള്ള ഒരു സഹോദരിയെ, ഒരുയുവമിഷ്യനറി അവിടുത്തെ മടിയിലോട്ട് ആവശ്യപ്പെട്ടു. പ്രതിഫലമായിട്ട് അദ്ദേഹം അർപ്പിക്കുന്ന എല്ലാബലിയിലും അവളെ പ്രത്യേകം സ്മരിക്കുന്നതാണെന്ന വാഗ്ദാനം ചെയ്തു. ഈ മഹനീയസ്ഥാനത്തിലേയ്ക്ക് ത്രേസ്യായെ തിരഞ്ഞെടുത്തു. ആശിച്ചിരുന്ന ഫലം കിട്ടിയപ്പോൾ ഉളവായവികാരങ്ങളെപ്പറ്റി വിവരിക്കുന്നതിനു ശ്രമിക്കുന്നതിലും നന്ന് അവളുടെ സ്വന്തം വാക്യത്തെത്തന്നെ ഉദ്ധരിക്കയാണ്.

"നാലുവർഷക്കാലം ഒരു സഹോദരവൈദികനുവേണ്ടിക്കായി ഞാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ അതു അസാദ്ധ്യമെന്നുതോന്നി. പ്രിയ മദറെ! ഈ വാർത്ത എത്രസന്തോഷത്തെ എന്നിൽ ഉളവാക്കിയെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം. ഈ അസാദ്ധ്യകാര്യത്തെപ്പറ്റി ഒരു പൈതലിൽ എന്നപോലെ എന്നിൽ ആനന്ദത്തെ ഉളവാക്കി. എന്റെ പൈതൽക്കാലത്തിലേക്ക് എന്നെ ഈ ആനന്ദം ക്ഷണിച്ചു. അതുപോലെയുള്ള സന്തോഷങ്ങളും അനുഭവിച്ചിട്ട് വളരെക്കാലങ്ങളായിരിക്കുന്നു".

ഈ ആദ്യസമ്മാനം ലഭിച്ചിട്ട് വളരെക്കാലം കഴിയുന്നതിനുമുമ്പുതന്നെ അവൾ ദൈവത്തിന്റെ പ്രതിനിധികളോട് പ്രദർശിപ്പിച്ചിരുന്ന താല്പര്യത്തിനു പ്രതിസമ്മാനമെന്നവണ്ണം വേറൊരു സഹോദരവൈദികനെക്കൂടെ ദൈവം അവൾക്കു ദാനം ചെയ്തു. അവളുടെ സുകൃതങ്ങളും രണ്ടുവൈദികർക്കു മതിയാകുമോ എന്നൊരു ആശങ്ക അവളിൽ അങ്കുരിച്ചു. പക്ഷേ അനുസരണ അവളുടെ പ്രവൃത്തിയുടെ ഫലത്തെ ദ്വിഗുണീഭവിപ്പിക്കുമെന്നുകരുതി അവൾ ധൈര്യപ്പെട്ടു.

സ്വർഗ്ഗപ്രാപ്തിക്കു മുൻപുതന്നെ ഭൂമിയിലെ ലാവണത്തിന്റെ ആത്മരക്ഷയ്ക്കുവേണ്ടി വളരെ പ്രയാസപ്പെട്ടിരുന്നുവെങ്കിൽ അതിനുശേഷം അവർക്കുണ്ടായിരുന്ന ബഹുമാനവും സ്നേഹവും എത്രമാത്രമെന്നു ഊഹിക്കയാണാത്മം. സ്വർഗ്ഗീയമന്നായ്ക്കുവേണ്ടിയുള്ള അവളുടെ വിശപ്പും, അം ത്താരയ്ക്കുള്ളിലുള്ള സ്ഥലംപോലെ ആനന്ദവും സൌഭാഗ്യവുംനിറഞ്ഞവറെ സ്ഥലമില്ലെന്നുള്ള അവളുടെ വിശ്വാസവും അവളെ ആനന്ദചിത്തയാക്കി. എന്നാൽ സ്വർഗ്ഗീയനാഥനെ ഭൂമിയിലേക്കു വിളിച്ചു വരുത്തുന്നതിനു ആക്കു അനുവാദം ഉണ്ടായിരുന്നുവോ, ആരുടെ കൈകൾവഴി ത്രേസ്യാ ഈശോയെ സ്വീകരിച്ചുവൊ, ആരുമൂലം അവളുടെ ആത്മാവു പരിശുദ്ധമായോ അവർക്കുവേണ്ടി ഈ വിശുദ്ധ പ്രാർത്ഥിക്കുകയും അവരെ ബഹുമാനിക്കുകയും ചെയ്ത എന്നതിൽ അതിശയത്തിനെന്തവകാശമാണുള്ളത്തു്? വളരെക്കാലത്തേയ്ക്കു് അൾത്താരശുശ്രൂഷയ്ക്കുള്ള സൌഭാഗ്യം അവൾക്കു സിദ്ധിച്ചു. വി. കുർബാനയ്ക്കു പൂജാപാത്രങ്ങൾ ഒരുക്കുന്നതായുള്ള ഇവളുടെ ഒരുപടം ഉണ്ടു്. 1896-ൽ എടുത്ത ഫോട്ടോയാണു് ഇതു്. അവസാനം തിരുവോസ്തികൾ പൂജാപാത്രങ്ങളിൽ തയ്യാറാക്കിയപ്പോഴത്തെ പ്രസന്നതയും വിശുദ്ധ കുർബാനയിലുള്ള ഈശോയുടെ സാന്നിദ്ധ്യത്തെപ്പറ്റിയുള്ള സ്മരണയോടുകൂടിയ നിലയും അവൾക്കു പൌരോഹിത്യത്തോടുണ്ടായിരുന്ന അതി താല്പര്യത്തെവിളിച്ചുപറയുന്നു.

പുരോഹിതാവസ്ഥയെപ്പറ്റി ചിന്തിക്കുന്നവസരത്തിൽ ഉളവാകുന്നആനന്ദവും സ്നേഹവും ഗ്രഹിക്കുന്നതിനു് അവളുടെ സ്വയംകൃതപരിത്യത്തിലെ ഏതാനും ചില വാക്യങ്ങളിലേയ്ക്കു കണ്ണോടിച്ചാൽമതി.

"പുരോഹിതസ്ഥാനം! സ്വർഗ്ഗത്തിൽനിന്നും എന്റെ സ്വരംവഴി അങ്ങു എഴുന്നെള്ളി എന്റെ കരതലത്തിൽ വരുമ്പോൾ എത്രസന്തോഷത്തോടുകൂടി അങ്ങയെ ഞാൻ വഹിക്കും! എത്രസ്നേഹത്തോടുകൂടി മനുഷ്യർക്കു അങ്ങയെ ഞാൻ കൊടുക്കും."

തനിക്കേറ്റം പ്രിയമുള്ള സെലിൻ കർമ്മലമഠത്തിൽ പ്രവേശിക്കുന്നതിനു വളരെക്കാലം മുൻപു നമ്മുടെ വിശുദ്ധ അവർക്കു് അയച്ച എഴുത്തിൽ വൈദികർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നു് ഉപദേശിക്കയും നിർബന്ധിക്കുകയും ചെയ്യുന്നു.

"സെലിൻ!! വേഗത്തിൽ കടന്നുപോകുന്ന ഈ ചുരുങ്ങിയ ജീവിതത്തിനുള്ളിൽ നമുക്കു ആത്മാക്കളെ രക്ഷിക്കാം. നമ്മുടെ സ്വർഗ്ഗീയ മണവാളൻ ആത്മാക്കൾക്കായി ദാഹിക്കുന്നു. പ്രത്യേകിച്ചു് വൈദികരുടെ ആത്മാക്കളെക്കുറിച്ചു് ദാഹിക്കുന്നുവെന്നു എനിക്കുതോന്നുന്നു. ഇതു നിങ്ങളോടു പറയുന്നതിനു നിർബന്ധിക്കുന്നതു് അദ്ദേഹമാണു്."

1894-ലെ ക്രിസ്മസ്സിന് എഴുതിയ "പുൽക്കൂട്ടിലെ മാലാഖാമാർ" എന്നാ ചെറു പ്രഹസനത്തിൽക്കൂടെയും വൈദികർക്കുവേണ്ടി കണ്ണീരുചിന്തിക്കൊണ്ടിരുന്ന അവളുടെ പ്രാർത്ഥനാതുപി പ്രത്യക്ഷപ്പെട്ടുകാണുന്നുണ്ട്. ഈ പ്രഹസനത്തിൽ ഉണ്ണിയേശുവിന്റെ അധരങ്ങളിൽനിന്നു നിർഗ്ഗമിക്കുന്നതായി അവൾ സങ്കല്പിച്ചിരിക്കുന്ന വചനങ്ങളെ ഒന്നു വീക്ഷിച്ചാലും.

"ഓരോ വൈദികരും വാനാതുപികളെപ്പോലെ ആയിരിക്കട്ടെ"

അടുത്ത ഖണ്ഡികയിൽ പരോഹിതരിൽ ഭക്തിയെ നിലനിറുത്തിക്കൊണ്ടുപോകാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും വിശ്വാസികളുടെ പ്രാർത്ഥന അവരെ സഹായിക്കുന്നതിന് എത്ര യോഗ്യതയുള്ളതാണെന്നുള്ളതിനെക്കുറിച്ചും അവൾ പ്രസ്താവിച്ചിട്ടുണ്ട്.

"ഈ മഹത്തായ അത്ഭുതപ്രവർത്തനത്തെ സഹായിക്കുന്നതിനു രാപകൽ കുറേ ആളുകൾ അശ്രാന്തമായോടടുത്തുനിന്നു പ്രാർത്ഥിക്കുകയും വിലപിക്കുകയും ചെയ്യേണ്ടതു് ആവശ്യമാണു്"

"എന്റെ മരണശേഷം റോസപ്പൂഷ്പങ്ങളെ ഞാൻ വർഷിക്കും" എന്നുള്ള ആ വാഗ്ദാനം പ്രത്യേകിച്ചു വൈദികരുടെ കാര്യത്തിൽ നിരർത്ഥകമല്ലായിരുന്നു. ആത്മികവും ശാരീരികവുമായ നിരവധി നന്മകൾ വർഷിച്ചിട്ടുണ്ട്. മിക്കവാറും വൈദികരുടെയും മിഷ്യനറിമാരുടെയും കാര്യത്തിലാണു് അവൾ അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുള്ളതു്. അവൾ മൂലം മിഷ്യൻരംഗങ്ങൾ വളരെ അഭിവൃദ്ധിപ്രാപിച്ചിട്ടുണ്ട്. ഈ വിശുദ്ധയുടെ ജീവിതകാലം മുഴുവൻ മിഷ്യൻജോലിയിലുള്ള സ്നേഹത്താൽ ഇവൾ കണ്ണീരുചിന്തിക്കൊണ്ടിരുന്നു. മാതുപരിശീലനം, അവർക്കുവേണ്ടി ആശ്രമനിഗ്രഹം ചെയ്യുന്നതിനു് അവളെ സഹായിച്ചിരുന്നു. കമ്മലമഠത്തിലെ ഈ ചെറുപുഷ്പത്തിന്റെ ജീവിതം അവരുടെ അഭിവൃദ്ധിക്കായുള്ള ഒരു പ്രാർത്ഥനമാത്രമായിരുന്നു. അവളുടെ രണ്ടു സഹോദരവൈദികരും ചൈനായിലെ മിഷ്യനറിമാരായിരുന്നു.

മരണശേഷം അവൾ വർഷിച്ച നിരവധിനന്മകൾ അവർക്കു് അവരോടുണ്ടായിരുന്ന താല്പര്യത്തെ പ്രത്യക്ഷപ്പെടുത്തിയതിനാൽ ഇപ്പോൾ ഭാഗ്യമോടുവാഴുന്ന പരിശുദ്ധപിതാവു് പതിനൊന്നാംപിയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് മിഷ്യൻരംഗത്തിന്റെ മദ്ധ്യസ്ഥനായ വി. ശൌര്യാരുടെ സഹപ്രവർത്തകയായി ഈ വിശുദ്ധയെ നിശ്ചയിച്ചു.

ലിസ്യൂവിലെ വിശുദ്ധത്രേസ്യാ പൌരോഹിത്യത്തിനുവേണ്ടിചെയ്ത ബലിഹേതുവായി, വൈദികർക്കും അപ്പോസ്തോലികർക്കും ഒരു മാതൃകയായി അവളെ സ്വീകരിക്കാം. വൈദികപദത്തോടു ഇവർക്കുണ്ടായിരുന്ന ഭക്ത്യാദരങ്ങൾ അവർക്കു് ആദർശമായിരുന്നു. അവർ അവരുടെ വൈദികവൃത്തി

യെ എത്രമാത്രം തീക്ഷ്ണതയോടെ നിർവഹിക്കണമെന്നു അവളിൽ നിന്നും പഠിക്കയും അവർക്കു് തങ്ങളോടുണ്ടായിരുന്ന പ്രത്യേകപ്രതിപത്തിമൂലംദൈവസന്നിധിയിൽ അവരുടെ ഒരു മദ്ധ്യസ്ഥയായിട്ടു ഈ ചെറുകുസുമത്തെഗണിക്കയുംചെയ്യാം. അവളോടുസഹായംഅഭ്യർത്ഥിച്ചു ഒരു വൈദികന്റെ അപേക്ഷയും അവർ തിരസ്കരിച്ചിട്ടില്ല.

അർമേനികർക്കു വൈദികരോടുള്ള ബഹുമാനത്തിനു് ഇവർ ഒരു ആദർശമാണു്. ഒരിക്കലും ഈ വിശുദ്ധ, ഒരു പുരോഹിതനെക്കുറിച്ചു അപമര്യാദയായിട്ടോ സൂക്ഷ്മമില്ലാതെയൊ സംസാരിച്ചതായി കേട്ടിട്ടില്ല. അവർ സാക്ഷാൽ മനുഷ്യർതന്നെയാണെന്നും മനുഷ്യസഹജമായ ബലഹീനതകൾ അവരിൽ കുടികൊള്ളുന്നെന്നും അവർ കയ്യേറ്റിരിക്കുന്ന ഭാരം നിർവഹിക്കുന്നതിനു് പ്രാർത്ഥന അത്യന്താപേക്ഷിതമാണെന്നും അവർക്കുവേണ്ടവിധം മനസ്സിലാക്കി. വൈദികർ മുഖാന്തിരം ലഭിച്ച നന്മകൾക്കു നമ്മുടെ വിശുദ്ധ കൃതജ്ഞത പ്രകടിപ്പിച്ചിരുന്നു.

ക്രീസ്തുവിന്റെ സ്ഥാനപതികൾക്കുവേണ്ടി ഇവർ സദാപ്രാർത്ഥിച്ചു. ഇപ്പോഴും യശുശരീരയായി വാഴുന്ന ആ ചെറുകുസുമത്തിന്റെ സൌരഭ്യവും പുരോഹിതവൃത്തിയുടെ മാഹാത്മ്യവും ഏവരുടേയും ഇടയിൽ പരിലസിക്കട്ടെ.

ആധുനികഭരിതങ്ങൾക്കുള്ള ഏകപ്രതിവിധി.

(ആംഗ്ലേയസഭയിലുള്ള 'ക്രിസ്തുരാജസേവകർ' എന്ന സന്ന്യാസിസമൂഹത്തിലേ ഒരംഗം ചെയ്ത പ്രസംഗമാണിതു്. പാപ്പാസ്ഥാനത്തിന്റെ പ്രാധാന്യത്തെ പുരസ്കരിച്ചു് ഇപ്രകാരം പ്രചരണവേലകൾ നടത്തുന്നവർ ഇന്നു് ആംഗ്ലേയസഭയിൽ പലരുമുണ്ടു്.)

"ക്രിസ്തീയരുടെ പൊതുപിതാവിനെ അനുസരിച്ചു കത്തോലിക്കവിശ്വാസത്തിലേയ്ക്കും തദനുഷ്ഠാനത്തിലേയ്ക്കും പിന്തിരിയുകയാണു് ലോകഭരിതങ്ങൾക്കുള്ള ഏകപ്രതിവിധിയെന്നു നമുക്കറിയാം. നവീകരണത്തിനു ശേഷം ഇംഗ്ലീഷുകാർ വളർന്നുവരുന്നതു് അമിതവ്യക്തിത്വത്തിലും, മതവും ബന്ധമായും സാന്മാർഗികമായും ഒരു നിശ്ചിതാധികാരിയെ അനുസരിക്കാതെയുമാണു്. സഭപഠിപ്പിക്കുന്ന വിശ്വാസസത്യങ്ങളും, വിശ്വാസപ്രമാണങ്ങളും ഇത്യാദിയെ വെറും പഴഞ്ചൊൽക്കഥകളുടെ കൂട്ടത്തിൽത്തള്ളിയിട്ടു വേറെ

പുസ്തകവും മനഃസാക്ഷിയും മാത്രം ജീവിതനിയമങ്ങളായി അവർ സ്വീകരിച്ചു. അവ്യവസ്ഥയും അവിശ്വാസവുമെന്ന സന്താനങ്ങളാണു് ഇതിൽനിന്നു സംജാതരായതു്. സ്വഭാവചരിത്രപ്രധാനം പ്രബലപ്പെട്ടു. ഈ അനാഥസ്ഥിതി നീക്കുന്നതിനു് ആംഗ്ലിക്കൻമെത്രാന്മാർ യാവച്ചക്യം പ്രയത്നിച്ചിട്ടുണ്ടു്. എന്നാൽ അവർ യാതൊരു നിയമത്തേയും അനുസരിക്കാതിരിക്കെ, നാം അവരുടെ വികാരോദ്ഗീതങ്ങൾക്കുപോലും വിധേയരാകേണ്ടിയിരിക്കുന്നു. ആകയാൽ വൈദികരും തദധികൃതരെപ്പോലെ കേവലം അനിശ്ചിതാവസ്ഥയിൽക്കിടന്നു വലയുന്നു. അധികാരികൾ അവരുടെ പഠനങ്ങളെ നിഷേധിക്കുമ്പോൾ അവർ എങ്ങനെയാണു് സ്വസിദ്ധാന്തങ്ങളിൽ ഉജ്ജ്വലഭക്തി പ്രകടിപ്പിക്കുന്നതു്? അധികാരസ്ഥർ പലപ്പോഴും വിശ്വാസത്തിനു വിപരീതമായി പ്രവർത്തിക്കുന്നതുകൊണ്ടു ശരിയായി കീഴ്വഴങ്ങുന്നതിനു കിഴുക്കുവക്കു സാധിക്കുന്നില്ല. ഇതത്രെ നമ്മുടെ സഭയുടേയും വൈദികരുടേയും അമിതമായ വ്യക്തിസ്വാതന്ത്ര്യത്തിന്റെ കാരണം. ഓരോരുത്തനും സ്വാഭിമതാനുസരണമുള്ള വിശ്വാസത്തിനു 'കത്തോലിക്ക്' എന്നു നാമകരണംചെയ്യുന്നതെങ്കിലും അതു വിഭിന്നവും ശകലിതവുമായ ഒന്നല്ലാതെ പിന്നെന്താണു്? ക്രിസ്തുവിരുദ്ധശക്തികളെ നിർമ്മൂലനംചെയ്യുന്നതിനുള്ള ഏകോപകരണമായ അനുസരണം നമുക്കു നഷ്ടപ്പെട്ടിരിക്കുന്നു. എന്നാൽ നമ്മെ ഭരിക്കുന്നതിനും ധൈര്യപ്പെടുത്തുന്നതിനും ക്രിസ്തു നിയമിച്ച പത്രോസിനോടുമാത്രമേ യഥാർത്ഥവിധേയത്വം പ്രദർശിപ്പിക്കുവാൻ നമുക്കു സാധിക്കുകയുള്ളു.

മർദ്ദിക്കപ്പെടുന്ന സ്വസന്താനങ്ങൾക്കുവേണ്ടി പ്രതിദിനം ഒരുവൻ കുരിശുമരണംതന്നെ അനുഭവിക്കുന്നവനും, അനവധിലക്ഷങ്ങൾ ഭക്ഷിപാരവശ്യത്തോടെ 'പരി. പിതാവു്' എന്നു് അഭിസംബോധനം ചെയ്യുന്ന മഹാനുമായ മാപ്പാപ്പായെപ്പോലും അഹംകാരിയും, ഭരണപ്രമത്തനും സ്വാർത്ഥപരനുമായ ഒരു പുരുഷനായിപ്പരിഗണിച്ചുപോരുന്നതു് എത്രയോ മ്ലേച്ഛകം? അദ്ദേഹം നാമേവരുടേയും പിതാവാകയാൽ നാം അദ്ദേഹത്തിന്റെ പക്കലേയ്ക്കു് പിന്തിരിഞ്ഞു് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ക്രിസ്തുരാജനുവേണ്ടി ആയോധനം നടത്തണം. ഭയാനകവിപത്തുക്കാലം അത്യാസന്നമായിരിക്കുമ്പോൾ അലസരായിരിക്കുകയോ? വിദൂരസ്ഥമായ പുനരൈക്യത്തെ ദിവാസ്വപ്നം കാണുകയോ? ഒരുപരിവർത്തനഘട്ടമായ ആധുനികകാലത്തു് നമ്മുടെ കർത്തവ്യം സഹോദരവിശ്വാസികളോടു സംയോജിക്കുകയാണു്. ഇതിനുള്ള വിഘ്നം അപരിമേയവ്യക്തിപരവും നിസ്സീമമായ സ്വാതന്ത്ര്യകാംക്ഷയുമാണു്. ഈ ശത്രുവിനെ പരാജയപ്പെടുത്തിയാൽ വിജയം നിശ്ചയംതന്നെ.

സഹോദരന്മാരെ, എന്റെ ഹൃദയംഗമമായ ഈ വാക്കുകളെ ശ്രവിപ്പിൻ. അശ്രാന്തം പരിശ്രമിക്കുവിൻ. നാമേവരും പത്രോസിന്റെ തൊഴുത്തിൽ ഓടിക്കൂട്ടുന്നതിനു പൂർവ്വാധികം തീക്ഷ്ണമായി പ്രാർത്ഥിപ്പിൻ. ഇതാണു നമ്മുടെ ഏകശരണം. ഇതിനായുള്ള എല്ലാ ത്യാഗവും നിസ്സാരമത്രെ. പത്രോസിന്റെ സിംഹാസനമാണു പ്രമാദരഹിതമായ നിർദ്ദേശങ്ങളുടേയും പഠനങ്ങളുടേയും ഉറവു്. അവിടെനിന്നുതന്നെയാണു വിവാഹത്തിന്റെ പരിശുദ്ധിയും ദൈവപുത്രരുടെ അവകാശങ്ങളും മാഹാത്മ്യങ്ങളും പ്രസിദ്ധീകൃതമാവുന്നതും. നിണ്ണീതതത്വങ്ങളിലും തദ്ബോധത്തിലും സുദൃഢമായി സ്ഥിതിചെയ്കകൊണ്ടു്, ഉന്നതസ്ഥാനങ്ങളിൽനിന്നും നിർഗ്ഗമിക്കുന്ന അധർമ്മങ്ങളെവിശ്വസ്തരായ ജോൺഫിഷറും തോമസ്സ്മൂറും ചെയ്തുപോലെ സധൈര്യം എതിർക്കുന്നതും മറെറാരു സഭയുമല്ല.

വർത്തമാനക്കുറിപ്പുകൾ.

മെക്സിക്കോയിലെ ജീവകാരുണ്യം.

മെക്സിക്കോയിലേ ഒരു ആസ്പത്രിയിൽ ദാരുണരോഗബാധിതരായിക്കിടന്ന നൂറു സന്ന്യാസിനികളെ അവിടെ നിന്നും ആട്ടിപ്പുറത്താക്കിയിട്ടു ഗവർമെൻറുദ്യോഗസ്ഥന്മാർ ആ കെട്ടിടം നശിപ്പിച്ചിരിക്കുന്നു. ഒരു അനാഥബാലനായിരിക്കെ, ആ സന്ന്യാസിനികളാൽ വളർത്തിയ ഒരുവനാണത്രെ അവരെ ഒറ്റിക്കൊടുത്തതു്.

മാനസാന്തരങ്ങൾ.

ചൈനായിൽ സുനിങ്ങിലെ ചീഫ്മജിസ്ട്രേട്ടും, കമ്മീഷണർ ഓഫ് ഇൻസ്പെക്ഷൻ, പാസിഫിക്കേഷൻകമ്മീഷണർ എന്നീ ഉദ്യോഗങ്ങളും വഹിക്കുന്നായാളുമായ മി. ഷീ-കു-ചൂവും; ചൈനായിലെ മൂന്നാംകുതിരപ്പട്ടാളത്തിന്റെ അഡ്ജൂട്ടൻറ്ജനറലായ ചോമിങ്ങും എന്നാദേഹം പുത്രകളത്രാദികളോടൊന്നിച്ചും; അമേരിക്കയിൽ ടെക്സാസ്സ് എന്ന സ്ഥലത്തുവച്ചു്, അമേരിക്കൻ അഭ്യന്തരകാര്യമന്ത്രിയായിരുന്ന മി. ആൽബർട്ട്ബി. ഫാലും കത്തോലിക്കാമതം സ്വീകരിച്ചിരിക്കുന്നു.

കഴിഞ്ഞ വർഷം കൊല്ലത്തിനുള്ളിൽ നൂറാം ആഗ്ലിക്കൻവൈദികരും, മറ്റു നോൺകൺഫോർമിസ്റ്റുവൈദികരും ഉൾപ്പെടെ ഏതാണ്ടു 10,000 പ്രോട്ടസ്റ്റൻറുകാർ ഇംഗ്ലണ്ടിലും വെയിൽസിലും നിന്നു കത്തോലിക്കാസ്സഭയിൽ ചേർന്നിട്ടുണ്ടു്.

അനുരഞ്ജനപ്രാർത്ഥന.

ലോകസമാധാനത്തിനായി, ഉയിർപ്പുതിങ്കളാഴ്ച ഒരു പാട്ടുകർബാന ചൊല്ലുന്നതിനു് ആർച്ചു്ബിഷപ്പുഹിൻസ്ലി നിശ്ചയിച്ചിരിക്കുന്നു. സൗണ്ഡ വാക്കുരൂപതയും ഈ സംരംഭത്തിൽ യോജിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

യഹൂദപരിവൃത്തർ.

ലോകത്തിലുള്ള യൂദന്മാരിൽ പതിനായിരത്തിനു് ഒന്നുവീതം പ്രതിവർഷം കത്തോലിക്കാസ്സഭയിൽ ചേർന്നുകൊണ്ടിരിക്കുന്നു. കൊല്ലത്തിൽ ശരാശരി ഏഴാറു പേർ മതപരിവർത്തനം ചെയ്യുന്നുണ്ടു്. രാഷ്ട്രീയഭൂർഘടങ്ങളാം വല്ലിക്കുമ്പോഴാണു യഹൂദമാനസാന്തരങ്ങളും അധികമാകാറുള്ളതു്.

കന്യാസ്ത്രീകളെ ക്ഷണിക്കുന്നു.

അന്നാമിലെ കത്തോലിക്കചക്രവർത്തിനിയായ നാൻഹുവോങ്ങു്, ഇൻഡോചൈനായിൽ ഒരു വനിതാവിദ്യാലയം ആരംഭിക്കുന്നതിനായി പാരീസിലേയിസേയുകന്യാലയത്തിൽനിന്നും ചില കന്യാസ്ത്രീകളെ വരുത്തിയിരിക്കുന്നു. ചക്രവർത്തിനി പാരീസിലെ ആ കന്യകാമഠത്തിലാണു വിദ്യ അഭ്യസിച്ചതെന്നുള്ളതു് ഇവിടെ സ്മരണീയമാണു്.

കുഷ്ഠരോഗികേന്ദ്രം.

മേരിനോൾമിഷൻ ദക്ഷിണചൈനായിൽ നടത്തുന്നതായ കുഷ്ഠരോഗിസ്ഥാപനം രണ്ടുവർഷംകൊണ്ടു ചൈനായിലെ കുഷ്ഠരോഗിസ്ഥാപനങ്ങളിൽ ദ്വിതീയസ്ഥാനം പ്രാപിച്ചിരിക്കുന്നു. ഇതിൽ 400 കുഷ്ഠരോഗികളുണ്ടു്. ഇതിന്റെ ഉപയോഗത്തിനായി ചൈനാഗവർമെന്റു് ഇപ്പോൾ 100 ഏക്കർസ്ഥലം വിട്ടുകൊടുത്തിരിക്കുന്നു.

മെത്രാപ്പോലീത്തായെ ഭവനഭ്രഷ്ടനാക്കുന്നു.

മെക്സിക്കോയിൽ പൂവെബ്ലായിലെ മെത്രാപ്പോലീത്തായെ അദ്ദേഹത്തിന്റെ ഭവനത്തിൽനിന്നു ബഹിഷ്കരിക്കുകയും ഭവനം ഗവർമെൻറിലേയ്ക്കു മുതൽക്കൂട്ടുകയും ചെയ്തിരിക്കുന്നു. പ്രസിഡൻറു കർദ്ദിനാസിന്റെ പേക്കു് കത്തോലിക്കർ പ്രതിഷേധസന്ദേശമയച്ചിട്ടുണ്ടു്.

വീരചരമം.

സൈന്യങ്ങളുടെ അദ്ധ്യാത്മികാവശ്യങ്ങളും നിർവ്വഹിക്കുന്നതിനു നിയുക്തനായിരുന്ന റെജിനാൾഡ്ജിയുവില്യാനി എന്ന ഉമ്മിനിക്കോസുസഭാകാരനായിരുന്ന വൈദികൻ എത്തിയോപ്പിയായിലെ മാക്കേയിലിനു സമീപംവെച്ചുണ്ടായ സമരത്തിൽ വധിക്കപ്പെട്ടിരിക്കുന്നു. ഒരു സൈനികോദ്യോഗസ്ഥൻ മുറിവേറ്റു വീണതുകണ്ടു് അന്ത്യകൂദാശകൾ കൊടുക്കുന്നതിനു പെന്നാപ്പാം അനിസീനിയാക്കാർ ഓടിവന്നു വധിക്കയാണുണ്ടായതു്.

മെത്രാഭിഷേകം.

തിരുനാപ്പള്ളി മെത്രാൻ സ്ഥാനികനായ എ. പെ. പെ. ബ. ലെയൊനാർഡ്. എസ്സ്. ജെ. തിരുമനസ്സിലെ അഭിഷേകം ദലഗാദപ്പസ്തോലിക്കതിരുമനസ്സുകൊണ്ടു നിർവഹിച്ചിരിക്കുന്നു. പുതിയമെത്രാൻതിരുമനസ്സിലേയ്ക്കു ഞങ്ങളും സർവമംഗളവും ആശംസിച്ചുകൊള്ളുന്നു.

പ്രൈവറ്റുസെക്രട്ടറി കത്തോലിക്കൻ.

അടുത്ത വൈസ്രോയിയായ മിൻലിത്ഗോപ്പ്വിന്റെ പ്രൈവറ്റുസെക്രട്ടറി ബി. ജെ. ജി. ലെത്ഗോവ് എന്നകത്തോലിക്കനാണ്. മഹായശ്ശാനന്തരം ഇൻഡ്യയുടെ സ്റ്റേറ്റുസെക്രട്ടറിയായിരുന്ന ഒലിവർപ്പ്വിന്റെ പ്രൈവറ്റുസെക്രട്ടറിയായും, മൊണ്ടേഗ്യു-ചെംസ്ഫോർഡുഭരണപരിഷ്കരണകാലത്തു വിൻറർട്ടൺ പ്രഭുവിന്റെ അണ്ടർസെക്രട്ടറിയായും, റൌണ്ട്ടേബിൾകോൺഫറൻസിൽ പ്രധാനമന്ത്രിയുടെ സഹായിയായും ജോലിനോക്കിയിട്ടുണ്ട്. അനന്തരം ഫറൈസുകമ്മറിയുടേയും നിയോജമണ്ഡലനിർണ്ണായകകമ്മറിയുടേയും സെക്രട്ടറിയായിരുന്നു. ഇദ്ദേഹം ഈ ശ്രേഷ്ഠസ്ഥാനങ്ങളുടെ കീഴിൽ വിദ്യാഭ്യാസം കഴിച്ചിട്ടുണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാണ്. ഇദ്ദേഹത്തിന്റെ പിതാവ് ഒരു മതപരിവർത്തനം, ഐർലണ്ടിലെ പോസ്റ്റാഫീസുകളുടെ അധ്യക്ഷനുമായിരുന്നു.

ചെറുപുഷ്പസേവക.

വി. ചെറുപുഷ്പത്തിന്റെ ബാല്യത്തിൽ മാർട്ടിൻകുടുംബത്തെ സേവിച്ചിരുന്ന വിക്ടറിപാസ്സ് എന്ന വനിതാരത്നം കാലധർമ്മംപ്രാപിച്ചിരിക്കുന്നു. പ്രഭുക്കന്മാരുടെ മുതൽ ക്രൻ വരെ വിക്ടറിമാർട്ടിൻകുടുംബത്തെ സേവിച്ചു. ക്രൻ-ൽ ചെറുപുഷ്പത്തെ വിശുദ്ധയെന്ന നാമകരണം ചെയ്യപ്പോൾ അവർ റോമിൽ സന്നിഹിതയായിരുന്നു.

സമുദ്രത്തിനടിയിൽ വി. ബലി.

ഒരു ഇറാലിയൻ അന്തർഗാമിനിക്കപ്പലിൽ ഇറലിയിൽ ടറാന്റോയിലേ ആർച്ചുബിഷോപ്പു ദിവ്യബലി സമർപ്പിച്ചിരിക്കുന്നു. സമുദ്രത്തിൽ നിന്നും അടി ആഴത്തിൽ വെച്ചാണു ബലി അർപ്പിക്കപ്പെട്ടതു്.

പുതിയഉത്തരവു്.

ക്രിസ്തീയവിദ്യാഭ്യാസചിഹ്നമായി പോർട്ടുഗലിലെ സകല പ്രാഥമിക വിദ്യാലയങ്ങളിലും കുരിശുരൂപങ്ങൾ സ്ഥാപിച്ചുകൊള്ളണമെന്നു തദ്ദേശഭരണാധികൃതർ അനുശാസിച്ചിരിക്കുന്നു. ഓരോ ക്ലാസ്സിലേയും ഏറ്റം സമർത്ഥനായ കുട്ടിയുടെ സമീപത്തു് ഇക്കുരിശു സ്ഥാപിക്കുന്നതാണു്.

ജപാപ്പസ്തോലസഖ്യം.

ഫൻസ്വന്ന ഏപ്പിൽമാസത്തെ പൊതുനിയോഗം.
കത്തോലിക്കപ്രസിദ്ധീകരണപ്രദർശനം നല്ലവണ്ണം ഫലപ്രദമാകുന്നതിനു്.

'ഒബ്സർവാത്തോരേ റൊമാനോ' എന്ന വർത്തിക്കാൻപത്രത്തിന്റെ 75-ാം അബ്ദപൂർത്തിപ്രമാണിച്ചു വത്തിക്കാനിൽവച്ചു നടത്തുവാനിരിക്കുന്ന പ്രദർശനം ഈ ഏപ്പിൽമാസത്തിൽ ആരംഭിച്ചു ഒക്ടോബറിൽ പര്യവസാനിക്കുന്നതാണു്. ഈ പ്രദർശനത്തിൽ കത്തോലിക്കലോകത്തിലെ വിവിധപ്രസിദ്ധീകരണങ്ങളും ഭാഗഭാക്കാകുമെന്നുള്ളതു നിസ്സംശയം തന്നെ.

പ്രദർശനങ്ങൾക്കു് ആധുനികകാലത്തുള്ള നിലയും വിലയും ശരിയായി മനസ്സിലാക്കിയിട്ടുള്ളവർ പരി. പിതാവിന്റെ ഈ നൂതനപ്രസ്ഥാനത്തെ പ്രശംസിക്കാതിരിക്കുകയില്ല. നല്ല സാധനങ്ങൾ കാണുന്നതിനും, അവ നിർമ്മിക്കുന്നതിനും മനുഷ്യസമുദായത്തിനുള്ള ഔത്സുക്യം ഒന്നു വേറെ തന്നെയാണു്. അതുകൊണ്ടു് ആദർശയോഗ്യമായ സാധനങ്ങൾ പ്രദർശിപ്പിച്ചു, മനുഷ്യഹിത്തത്തിൽ ശ്രദ്ധമൂലമായിരിക്കുന്ന ഈ ജിജ്ഞാസാവിശേഷത്തെ യഥാശക്തി തൃപ്തിപ്പെടുത്തി സൽഫലം പുറപ്പെടുവിക്കേണ്ടതു സമുദായസ്നേഹികളുടേയും, നേതാക്കന്മാരുടേയും കർത്തവ്യമാകുന്നു.

എന്നാൽ ഏതൊരു പദ്ധതിയും ദുരുപയുക്തമാക്കുവാൻപാടുണ്ടെന്നു നിരീക്ഷണചതുരന്മാരോടു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. അതുകൊണ്ടു കത്തോലിക്കസഭയാകുന്ന അഗ്നികുണ്ഡത്തിന്റെ ജ്വാല ഈ മാർഗ്ഗത്തിലൂടെയും വീശി,

"മനുഷ്യഹൃത്താം കനകത്തെയെന്തോ
പണിത്തരത്തിന്നുപയുക്തമാക്കാൻ"

സകലകത്തോലിക്കരും 'അണ്ണാൻകുഞ്ഞും തന്നാലായതു്' എന്ന ന്യായേന പരിശ്രമിക്കേണ്ടതാണു്.

ഇതിൽനിന്നു ജനിക്കണമെന്നു പരി. പിതാവു് അഭിലഷിക്കുന്ന ഫലങ്ങൾ പ്രധാനമായി താഴെപ്പറയുന്നവയാണു്. ക) ഈ ശ്രേഷ്ഠപദ്ധതിമൂലം കത്തോലിക്കസ്സ്വത്തിനു് എത്രമാത്രം ഉപകാരം മനുഷ്യസമ്പത്തിൽ ആവാപം ചെയ്യുവാൻ സാധിക്കുമെന്നു മറവുള്ളവരെ ഗ്രഹിപ്പിക്കുക. ഖ) കത്തോലിക്കപ്രസിദ്ധീകരണവിഷയത്തിൽ ഉദ്യുക്തരായിരിക്കുന്നവർക്കു് നവീനജ്ഞാനവും, ഉത്തമമാതൃകകളും പ്രദാനംചെയ്തു പ്രോത്സാഹിപ്പിക്കുക. ഗ) ബുദ്ധി, ധനം, പ്രചാരണം ഇവമൂലം പ്രസിദ്ധീകരണങ്ങളെ സകലകത്തോലിക്കരും യഥാശക്തി സഹായിക്കുക. ഘ) നിരീശ്വരവും അകത്തോലിക്കവുമായ പ്രസിദ്ധീകരണങ്ങളെ കത്തോലിക്കപ്രസിദ്ധീകരണങ്ങൾ അതിശയിക്കത്തക്കവണ്ണം കത്തോലിക്കർ, യുവാക്കൾ വിശേഷിച്ചും ഇല്ലിക്കാമാർഗ്ഗേണയും മറവും സഹായിക്കുക.

നമ്മുടെ കരുണാവാരിധിയായ അജപാലകൻ സുരൂഢമായ തന്റെ ഗിരിപ്രഭാഷണത്തിൽ ഉദ്ബോധിപ്പിക്കുന്നതുപോലെ ദീപംകൊളുത്തുന്നതു പറയുടെകീഴെ വയ്ക്കുന്നതിനല്ല, പ്രത്യുത, വീട്ടിലുള്ളവർക്കു വെളിച്ചംകാണുവാൻതക്ക സ്ഥലത്തു വെക്കുന്നതിനാണു്. ആകയാൽ വിശ്വാസമെന്ന സ്വഭാവാതിദാനം പ്രാപിച്ചിരിക്കുന്ന നാം അതിനെ സമൃക്കായി വിലമതിക്കുകയും തൽസദൃശമായ കൃതജ്ഞതാപ്രകാശനം ചെയ്യണമെന്നാഗ്രഹിക്കുകയും ചെയ്യുന്നെങ്കിൽ 'അന്യരുംകണ്ടു സ്വർഗ്ഗീയപിതാവിനെ ബഹുമാനിക്കുന്നതിനായി നിങ്ങളുടെ പ്രകാശം മനുഷ്യസമക്ഷം പ്രകാശിക്കട്ടെ' എന്ന വാക്യം അനുവർത്തമാക്കേണ്ടിയിരിക്കുന്നു. ഇതിനു് ഉത്തമോപകരണമായ പ്രസിദ്ധീകരണങ്ങളെ സർവ്വാത്മനാ ആദരിപ്പിൻ.

ii പ്രേഷിതരംഗങ്ങളിൽ ക്രിസ്തീയപരസ്നേഹപ്രവർത്തനങ്ങളും വർദ്ധിക്കുന്നതിനു്.

രോഗികളും, ദരിദ്രർ, കാരാഗൃഹസ്ഥർ മുതലായവരുടെ സഹായാർത്ഥം സ്ഥാപിതമായിരിക്കുന്ന ആതുരാലയങ്ങളും, അനാഥശാലകളും, കുഷ്ഠരോഗവസതികളും ഇത്യാദിയാണു പരസ്നേഹപ്രവർത്തനങ്ങളും എന്ന പദംകൊണ്ടു ഇവിടെ വിവക്ഷിക്കുന്നതു്. കത്തോലിക്കസ്സഭയുടെ ഔത്കൃഷ്ട്യത്തെ ഏറ്റവുമുശസ്ഥാപനങ്ങളും ഉച്ചൈസ്സ്വരം മൗനപ്രഘോഷണംചെയ്യുന്നു. എന്നാൽ ചിലർ സഭയെ അപലപിക്കുന്നതുപോലെ, ഇതുപോലെയുള്ള പ്രസ്ഥാനങ്ങളും അന്യമതസ്ഥരെ പരിവർത്തനത്തിനു നിർബന്ധിക്കുകയല്ല, സഹായിക്കുകയത്രെ ചെയ്യുന്നതു്.

The Month of Mary.

അഥവാ

മെയ്മാസവണക്കം.

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്തുതിക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന മെയ്മാസത്തിൽ അനുഷ്ഠിക്കേണ്ട ഭക്തമുറകളെ ഒരു നവീനരീതിയിൽ നടത്തുന്നതിനു സഹായിക്കുന്ന ഒരു വിശിഷ്ടഗ്രന്ഥത്തിന്റെ പേരാണു് മേൽക്കാണിച്ചിരിക്കുന്നതു്. വി. ജോൺ ബൊസ്കോ ഇത്താല്യൻഭാഷയിൽ എഴുതിയതും യൂറോപ്യൻരാജ്യങ്ങളിൽ പ്രചുരപ്രചാരം സിദ്ധിച്ചിരിക്കുന്നതുമായ ഈ വിശിഷ്ടകൃതി അക്കരെ പെ. ബ. പീയൂസച്ചൻ മലയാളഭാഷയിൽ പരിഭാഷപ്പെടുത്തി കോട്ടയം വി. ജി. പ്രസ്സിൽ ഭംഗിയായി അച്ചടിച്ചു് ഇപ്പോൾ പ്രസിദ്ധംചെയ്യുന്നതാണു്. ആകൃതിയിലും പ്രകൃതിയിലും ഈ പുസ്തകം അതികമനോഹരമായിരിക്കുന്നുവെന്നു പറയുന്നതിൽ അങ്ങേയറ്റം വളരെ സന്തോഷമുണ്ടു്. മറിയഭക്തിയിൽ അഭിരതിയായ ഈ മലയാളരാജ്യത്തു് എവിടെയും ഈ പൊന്നുപുസ്തകത്തിനു ഹാർദ്ദമായ സ്വീകരണം ഉണ്ടാകുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഫ്രാ അണ വിലയ്ക്കു് ഇതു കോട്ടയം വി. ജി. പ്രസ്സിലും മലയാസ്ഥൻബുക്കുഡിപ്പോയിലും കിട്ടുന്നതാണു്.

ചങ്ങനാശേരി സെൻറബക്കുമാൻസ് ബോർഡിംഗിലേയും, അതിര മ്പുഴ, ആലപ്പുഴ, മുത്തോലി, പായിപ്പാട്ട് എന്നീ ഇടവകകളിലെയും ജ പാപ്പോസ്തല സഖ്യാംഗങ്ങൾ 1936 ഫെബ്രുവരിമാസത്തിൽ ഈശോയു ടെ തിരുഹൃദയത്തിനു സമർപ്പിച്ച

സുകൃതഭണ്ഡാരം.		നിയോഗങ്ങളും	
1 ദൈവസ്നേഹപ്രകരണം	211200	1 ഇടവകകൾ	305
2 കൊന്തനമസ്കാരം	21500	2 മുഴുവൻധ്യാനം	220
3 സ്പിവാപ്പുത	1180	3 ദൈവവിളി	950
4 ശ്ലൂ. കു. ഉൾക്കൊള്ളൽ	9352	4 പള്ളിള്ളടങ്ങൾ	340
5 അരൂപിക്കടുത്ത „	7931	5 വിദ്യാത്ഥികൾ	1320
6 ആത്മശോധന	3600	6 പരീക്ഷാവിജയം	2315
7 വേലചെയ്ത മണിക്കൂർ	16832	7 കുടുംബങ്ങൾ	745
8 മൗനംഅനുഷ്ഠിച്ചമണിക്കൂർ	8084	8 മാതാപിതാക്കന്മാ	954
9 ജ്ഞാനവായന	1743	9 യുവജനങ്ങൾ	1375
10 കുർബാനചൊല്ലിച്ചതു്	2	10 മക്കൾ	217
11 കുർബാനകണ്ടതു്	11830	11 സഖ്യപ്രോത്സാഹികൾ	1740
12 ആശയടക്കങ്ങൾ	1992	12 പതിതരുടെമനസാന്തരം	534
13 പ്രായശ്ചിത്തങ്ങൾ	1882	13 അജ്ഞാനികളുടെ „	240
14 ആത്മികമനോ:പ്രവൃത്തി	4067	14 ഉഷ്ണകത്തോലിക്കരുടെ „	767
15 ശാരീരികമനോ: പ്രവൃത്തി	3520	15 മദ്യപാനികളുടെ „	347
16 വിവിധജപങ്ങൾ	16805	16 ശത്രുക്കളുടെരമ്യം	1217
17 നല്ലവണ്ണംകഴിച്ചുല്ലാസം	4371	17 തിരിച്ചുവിശ്വാസികൾ	960
18 ദുഃഖാരിഷ്ടതകൾസഹിച്ചതു്	1837	18 ഭാഗ്യമരണം	1740
19 പ്രത്യേകദൈവജ്ഞാനവിജയം	989	19 ഉദ്യോഗം	294
20 വി. കു. വിസിത്ത	13830	20 പണസഹായം	913
21 മറ്റുപുണ്യപ്രവൃത്തികൾ	11906	21 പ്രത്യേകമനോഗ്രണങ്ങൾ	1219

RETREAT.

Dear Sir,

A closed retreat in English for laymen is arranged to be conducted under the auspices of the Union, in the St. Thomas' English High School, Palai, from wednesday the 15th April till the following Sunday morning. **Rev. Fr. Leigh, S. J.,** Ex: Principal, St. Joseph's College, Trichinopoly, has kindly consented to preach.

Hope you will also join the retreat. Then, may I request you to send your word of consent with an advance of Re. 1/-, to reach me before the 8th April. The total expense is estimated to be about Rs. 3/-.

The exercitants are to present themselves on the 15th by 5. p. m. with the necessary beddings etc.

Awaiting your reply, Yours Sincerely in O. L.,
Fr. Joseph Porunolil, St. Thomas' English High School, Palai.

കച്ചേരിക്കായ്യം.

ബ. വൈദികരുടെ സ്ഥലംമാറ്റം

പാണ്ട്യാമ്മാക്കൽ ബ. കൂര്യച്ചൻ ഉറുപ്പുതറമിഷൻ
മണ്ണുക്കുളം ബ. അഗസ്തിഅച്ചൻ കുന്നന്താനം
കളപ്പുരയ്ക്കൽ ബ. ദേവസ്യാച്ചൻ നിരന്താനം
കാരിശ്ശേരിൽ ബ. കൂര്യച്ചൻ ചിറ്റാർ
മണക്കാട്ട ബ. തോമ്മാച്ചൻ തുടങ്ങനാട്ട്
കിഴക്കേക്കുറ്റു ബ. ഗീവറുഗീസച്ചൻ അസിസ്റ്റന്തി അതിരമ്പുഴ
പൊവ്വാറുകുന്നേൽ ബ. യൗസേപ്പച്ചൻ അസിസ്റ്റന്തി എലഞ്ഞി.

എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സിലെ പള്ളിസന്ദർശന പ്രോഗ്രാം

മാർച്ച് 22-ാം ന-	കാലത്തു	10 മണി	പ്രവിത്താനം
23-ാം ന-	ഉച്ചകഴിഞ്ഞു	4 മണി	നരിയങ്ങാനം
24-ാം ന-	ടി	4 മണി	അന്തീനാട്
25-ാം ന-	ടി	5½ മണി	രാമപുരം
27-ാം ന-	കാലത്തു	7 മണി	കരൂർ
28-ാം ന-	ടി	7 മണി	അന്ത്യാളൻ
"	ടി	5 മണി	അരമന

തൊയറാഴ്ചതോറും പള്ളികളിൽ നടത്തുന്ന വേദപ്രചാരപ്പിരിവ് അതാതുമാസത്തിന്റെ അവസാനത്തിൽ ഇവിടെ അയച്ചുതരണമെന്ന് അറിയിച്ചിരുന്നെങ്കിലും പലരും അങ്ങനെ ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത പിരിവ് അയച്ചുതരണമെന്ന് അയക്കാത്തവരെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. കല്പനപ്രകാരം

വേദപ്രചാരസെക്രട്ടറി ഫാ. സെബാസ്ത്യൻ ചെറുശ്ശേരി.

മെത്രാൻഫണ്ട്.

		ക്ര.	ച.	കാ.
		46	10	8
1	മണിമലസ്ക്കൂളിൽനിന്നും എടവകയിൽനിന്നും	8	0	0
2	ആലഞ്ചേരിൽ ബ. ശിവറുഗീസച്ചൻ	5	0	0
3	മേൽവട്ടത്തിൽ ബ. ഏമ്മാനുവേലച്ചൻ	2	0	0
	(തുടരും)	59	10	8

ഉപകാരസ്മരണ.

വിശുദ്ധ യൌസേപ്പുപിതാവിന്റെയും വിശുദ്ധ കൊച്ചുത്രേസ്യായുടേയും മദ്ധ്യസ്ഥതയാൽ അസാദ്ധ്യകാര്യം സാധിച്ചതിനുപകാരസ്മരണ

ക്ര പാ 2. കരിക്കമ്പള്ളിൽ ബ. ഗ്രിഗോറിയോസച്ചൻ.

പരിശുദ്ധാത്മാവു പി.

മുഹമ്മദീയരായ സഹോദരന്മാരുടെ ഭക്തിയെ വർദ്ധിപ്പിക്കുന്നതിനും ഏപ്രിൽ മാസത്തെ പ്രത്യേകധ്യാനത്തിനുപയോഗിക്കുന്നതിനുമായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായ പുതിയ പുസ്തകം. കേരളത്തിലെ എല്ലാ കത്തോലിക്കാകുടുംബത്തിലും ഇതിന്റെ ഓരോ പ്രതിയുണ്ടായിരിക്കുന്നതു് പ്രത്യേകിച്ചും ഇക്കാലത്തു് ആധ്യാത്മികാഭിവൃദ്ധിക്കു് സഹായകമായിരിക്കും. നല്ല മേനിക്കടലാസിൽ അച്ചടിച്ചു് ഭംഗിയായി ബയൻഡുചെയ്തിട്ടുള്ള ഈ പുതിയ പുസ്തകം ആവശ്യമുള്ളവർ ഉടനേതന്നെ "മദ്ധ്യസ്ഥൻ ബുക്ക്ഡിപ്പോ" ചങ്ങനാശേരി എന്ന മേൽവിലാസത്തിൽ എഴുതിച്ചോദിക്കുക. വില 6 അണ മാത്രം. ലിറ്റിൽ ഫ്ളവർ ബുക്സ്റ്റാൾ, മന്നാനം.

എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാലും കിട്ടുന്നതാണു്.

സ്റ്റാംറിക്കാർഡുകൾ.

ഇംഗ്ലീഷ്, മലയാളം സ്കൂളുകളിലേക്കുള്ള എല്ലാത്തരം റിക്കാർഡുകളും വില്പനയ്ക്കു തയാറാക്കിയിരിക്കുന്ന പ്രവേശനരജിസ്റ്റർ, ഹാജർ രജിസ്റ്റർ, വാക്സിനേഷൻരജിസ്റ്റർ, അക്വിറ്റൻസുറോൾ, ഫീസുരസീതു് ബിൽഫാറങ്ങൾ, അപേക്ഷഫാറങ്ങൾ, മുതലായ എതു റിക്കാർഡുകളും നല്ല കടലാസിൽ ഭംഗിയായി അച്ചടിച്ചു കുറഞ്ഞവിലയ്ക്കു വിൽപാൻ തയ്യാറായിരിക്കുന്നു. മാനേജർ മദ്ധ്യസ്ഥൻബുക്ഡിപ്പോ,

ചങ്ങനാശേരി.

ഞങ്ങളുടെ ബാലപങ്ക്തി.

അടുത്ത മാസംമുതൽ 'മദ്ധ്യസ്ഥ'ത്തിൽ ഒരു ബാലപംക്തി ആരംഭിക്കുന്നതിനു ഞങ്ങൾ നശ്ചയിച്ചിരിക്കുന്ന വിവരം മാന്യവായനക്കാരെ-പ്രത്യേകിച്ചു കുഞ്ഞുസഹോദരങ്ങളെ ഞങ്ങൾ-അറിയിച്ചുകൊള്ളുന്നു. വിദ്യാഭ്യാസത്തിൽ കുട്ടികൾ പഠിക്കുന്ന മതതത്വങ്ങൾ അവരുടെ മനസ്സിൽ നല്ലപോലെ പതിയുന്നതിനും ഓരോന്നിനെപ്പറ്റിയും പ്രായത്തിനനുസരിച്ചു സാമാന്യം പൂർണ്ണമായ ജ്ഞാനം അവർക്കു ലഭിക്കുന്നതിനും ഈ പ്രസ്ഥാനം സാഹായകമാകണമെന്നേ ഞങ്ങൾ ഉദ്ദേശിക്കുന്നുള്ളൂ. 'To the Heart of the child' എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തെ ആധാരമാക്കിയാണു് ഓരോ വിഷയങ്ങളെയും പറ്റി പ്രതിപാദിക്കാനുദ്ദേശിക്കുന്നതു്. ഭാഷ വളരെ ലളിതമായിരിക്കും. മാന്യവായനക്കാരുടെ അഭിപ്രായം അറിഞ്ഞതിനുശേഷം വേണ്ട പരിഷ്കാരങ്ങൾ വരുത്താവുന്നതാണു്. 'മദ്ധ്യസ്ഥൻ' വായനക്കാരായ കുട്ടികളുടെശ്രദ്ധയെ ഞങ്ങൾ സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

Reg. No. T. 21.

പഞ്ചാംഗം.

ഏപ്രിൽ 1936. മീനം—കൊ.വ. 1111.

ക്രൈസ്തവർക്കുള്ളതായുള്ള മാസം.

1	19	ബു	. .		നോ
2	20	വ്യാ	മെത്രാ. ഫ്രാൻസിസ്സ്കോസ് പൌലോ		വെ
3	21	വെ	എ. ഭാ. കു. മറി. 7 വ്യാകു. ഒ. നേ.		വെ
4	22	ശ	അ. മെത്രാ, മല്പാൻ ഇസിദോർ		വെ
5	23	ഞാ ✝	നോ. 6-ാം ഞാ. (ഓശാന.)	ഹാ-7-ഹം	നോ
6 ○	24	തി	വല്ലിയ ആഴ്ച		നോ
7	25	ചൊ	,, ...		നോ
8	26	ബു	,, ...		നോ
9	27	വ്യാ	പെ. കു. അത്താഴം ...		വെ
10	28	വെ	ദുഃഖവെള്ളി (ഒ. നേ.)		കു
11	29	ശ	ദുഃഖശനി (ഒ. നേ.)		വെ
12	30	ഞാ ✝	പെ. കു. ഉയിർപ്പ് കു. 1 കു.		വെ
13	മ. 1	തി	എം. 1		വെ
14	2	ചൊ	എം. 2		വെ
15	3	ബു	എം. 3		വെ
16	4	വ്യാ	എം. 4		വെ
17	5	വെ	എം. 5		വെ
18	6	ശ	എം. 6		വെ
19	7	ഞാ ✝	ഉയിർപ്പു 1-ാം ഞാ. (പുളിഞാ.) കു. 2 കു.		വെ
20	8	തി	മെത്രാ. യോഹന്നാൻ (മാർച്ച് 8)		വെ
21 ○	9	ചൊ	മെത്രാ മല്പാൻ അൽഫൻസോസ്		വെ
22	10	ബു	പ. വേ. ഗ്വാഡെലൂപ്പാർ കന്യാമറിയാസ്		ചു
23	11	വ്യാ	വേ. ഗിവർഗീസ്		ചു
24	12	വെ	വേ. ഫിദേലിസ്		ചു
25	13	ശ	ഏവൻ. മർക്കോസ്		പു
26	14	ഞാ ✝	ഉയിർപ്പു 2-ാം ഞാ. ഹാ. 3 മെസ്.		വെ
27	15	തി	മെത്രാ വിൻസന്തിയോസ് (ഇരു. 5.)		വെ
28	16	ചൊ	വേ. ബിത്താലിസ് ...		ചു
			മെത്രാ. പൌലോസ് ദസ്ലീവാ ...		വെ
29	17	ബു	വേ. പാത്രാസ്		ചു
30	18	വ്യാ	കു. കുന്തിനാ മെസിയേനാ ...		ഖു

Printed and published by Rev. Fr. Mathew Alakalam
at the S. J. O. Press, Changanacherry.